വോള്യം – 06 ലക്കം – 117 ആഗസ്റ്റ് 2023 മലയാളം – ഇംഗ്ലീഷ്


# ഫിലിം വിഷൻ

filca FILM LOVERS CULTURAL ASSOCIATION

www.filca.in

കേരള സർക്കാർ
ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി
തിരുവനന്തപുരം 695 033

**DIGITAL MAGAZINE**
**PUBLISHED BY FILCA**





# M.T Film Fest


AT STATE CENTRAL
LIBRARY A/C HALL
THIRUVANANTHAPURAM

**On August 22, 2023**

FILCA film society, State Central Library, Doordarsan
Thiruvananthapuram, Chalachithra Akademy,
Beam film society, Sparc film society ( ISRO)
CET film society ( College of Engineering Trivandrum )










ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA

**2023 ഓഗസ്റ്റ് 10 വ്യാഴം**

ഫിൽക്ക ഫിലിം സൊസൈറ്റി
ആഗസ്റ്റ് മാസത്തിൽ
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി
ചലച്ചിത്ര അക്കാദമി
ബീം ഫിലിം സൊസൈറ്റി
സ്പാർക് ഫിലിം സൊസൈറ്റി
(ഐ. എസ്. ആർ. ഓ)
സി. ഇ. റ്റി ഫിലിം സൊസൈറ്റി
(കോളേജ് ഓഫ് എഞ്ചിനീയറിങ് ട്രിവാൻഡ്രം)
എന്നിവയും ചേർന്ന് 22 ന് നടത്തുന്ന
എം. ടി. ഫിലിം ഫെസ്റ്റ് ബ്രോഷർ
എം. ടി. വാസുദേവൻ നായർ
പ്രകാശനം ചെയ്തു.
ഫിൽക്ക പ്രസാധനം ചെയ്ത
സത്യജിത് റായി - പഥേർ പാഞ്ജലി തിരക്കഥ
പതിമൂന്നാം പതിപ്പും അദ്ദേഹം പ്രദർശിപ്പിച്ചു.
നോവലിസ്റ്റും ഫിൽക്ക ജനറൽ
സെക്രട്ടറിയുമായ സാബു ശങ്കർ രചിച്ച
ശിശിരനിദ്ര (ഡി. സി. ബുക്സ് -2016)
ലെമൂറിയ (ലിപി പബ്ലിക്കേഷൻസ് -2018)
ഷെവലിയർ ഹൗസിലെ കൊറോണ രാത്രി
(ഹൺഡ്രഡ് ഫോൾഡ് കാനഡ
സൺഡേ സർക്കിൾ -2021)
എന്നീ നോവലുകൾ സ്വീകരിച്ചു.
അദ്ദേഹത്തിന്റെ ഭവനത്തിൽ വച്ചു
നടന്ന ചടങ്ങിൽ സാബു ശങ്കർ,
ഫിൽക്ക ട്രഷറർ വിനോദ്കുമാർ,
എക്സിക്യൂട്ടീവ് മെംബർ ജ്യോതിഷ്കുമാർ,
ഫോട്ടോഗ്രാഫർ അജി എസ്,
അബ്ദുൽ മജീദ് എന്നിവർ പങ്കെടുത്തു.









ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA

# PROGRAM

## 22nd Tuesday August 2023

*Programme*
22nd Tuesday August 2023
Public library a/c hall
9 AM COUPON DISTRIBUTION
9:30 AM INAUGURATION





*Inauguration*
**SHAJI. N. KARUN**
(Cinematographer, Director)

*Film Guest*
**VIJAYAKRISHNAN**
(Film Critic)

*Welcome, Greetings, Gratitude*



**Dr. B. RADHAKRISHNAN**
(Filca )

**P. K. SHOBHANA**
( State Librarian )

**VINESH. V**
(Sparc film society ISRO)

**SURESHKUMAR. C**
(Beam film society - Bank Employees Art Movement)

**AMITH. K**
(CET film society - College of Engineering Trivandrum)

**SABU SANKAR**
(Novelist, Film author & Chief correspondent, Nerkazhcha weekly, America)

**GIRIJA SURENDRAN (ARPANAA)**
( Actress )

ഫിലിം വിഷൻ

filca FILM LOVERS CULTURAL ASSOCIATION

കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033


DIGITAL MAGAZINE
PUBLISHED BY FILCA

# SCREENING SCHEDULE

PUBLIC LIBRARY A/C HALL


22nd Tuesday August 2023

**9:30 AM**




**Inauguration & Film Nirmalyam**
M. T. Vasudevan Nair
1973/ 134 Min.

**12:50 PM**




**Oru Cherupunchiri**
M. T. Vasudevan Nair
2000/ 89 Min.

**03:20 PM**




**Kadavu**
M. T. Vasudevan Nair
1991/ 104 Min.

**05:20 PM**




**Olavum Theeravum**
M. T. Vasudevan Nair
1960/ 124 Min.

Films may subject to be interchanged


MAKE UP FOR
LOST TIME
PACK UP FOR
KERALA
'WORLD'S GREATEST PLACES TO VISIT IN 2022'
TIME
Make up for those missed family times,
the idle banters, the laughter riots...
Pack up for the backwaters, beaches,
hill stations and jungles of Kerala.
kerala
God's Own Country
keralatourism.org

# കുറിശ്ശേരി സമ്പൂർണകൃതികൾ

**ജീവചരിത്രം, ഭാഷാശാസ്ത്രം, നിഘണ്ടു, ദർശനം, ചരിത്രം, കൃഷി, കവിത**




പേജ് 1312 ഡിമൈ 1/8 ഹാർഡ് കവർ വില രൂ. 1500/

വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ഗവേഷകർക്കും
വിജ്ഞാനകുതുകികൾക്കും ഒരു മുതൽക്കൂട്ട്

ഈ ഗ്രന്ഥം തപാലിൽ ലഭിക്കാൻ ബന്ധപ്പെടുക:
94956 73656

സ്കൈ ബുക്ക് പബ്ലിഷേർസ്, മാവേലിക്കര

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA

വാർത്ത

# ലോകസിനിമയിലൂടെ ലോകത്തെ തിരിച്ചറിയാൻ കഴിയണം - പന്ന്യൻ രവീന്ദ്രൻ

**ലോകസിനിമയിലൂടെ ലോകമെന്തെന്നു തിരിച്ചറിയാൻ കഴിയണം. കുട്ടികൾക്ക് മാതൃകയാവുന്ന രീതിയിൽ മുന്നോട്ട് പോകാൻ നമുക്ക് കഴിയണം. നാം ഇവിടെ ഒരു കുടുംബം പോലെയാണ്. ആ കുടുംബത്തിന് വേണ്ടി, കുടുംബത്തിലെ കുട്ടികൾക്ക് വേണ്ടി, ഒരു പാഠമാവാൻ ലോകസിനിമയുടെ വാതിലുകൾ ഇവിടെ തുറക്കുകയാണ്.**

**ബാ**ല്യത്തിന്റെ തേങ്ങലുകൾ - ലോകസിനിമ എന്ന പ്രമേയം ആസ്പദമാക്കി ഫിൽക്ക ഫിലിം സൊസൈറ്റിയും സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയും ചലച്ചിത്ര അക്കാദമിയും ബീം ഫിലിം സൊസൈറ്റിയും സംയുക്തമായി സംഘടിപ്പിച്ച പ്രതിമാസ ( ജൂൺ - ജൂലൈ ) ചലച്ചിത്രമേള ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു പന്ന്യൻ രവീന്ദ്രൻ. "ഞാൻ ലോകസിനിമയോടുള്ള താല്പര്യം കൊണ്ട് വന്നതാണ്. ലോകത്തെ കുറിച്ച് നാം ഒരുപാട് കേൾക്കുന്നുണ്ട്. പക്ഷേ ഓരോ രാജ്യവും ആ രാജ്യത്തിലെ ജീവിതവും എന്തെന്ന് അറിയുന്നില്ല. എന്നാൽ ലോകസി നിമയിലുള്ള പ്രത്യേക സംഭവങ്ങൾ നമ്മെ സ്വാധീ നിക്കും.



ബാല്യത്തെ സംബന്ധിച്ച പലതും മനസിനെ നൊമ്പരപ്പെടുത്തും. ലോകസിനിമയിലൂടെ ലോകമെന്തെന്നു തിരിച്ചറിയാൻ കഴിയണം. കുട്ടികൾക്ക് മാതൃകയാ വുന്ന രീതിയിൽ മുന്നോട്ട് പോകാൻ നമുക്ക് കഴിയണം. നാം ഇവിടെ ഒരു കുടുംബം പോലെയാണ്. ആ കുടുംബത്തിന് വേണ്ടി, കുടുംബ ത്തിലെ കുട്ടികൾക്ക് വേണ്ടി, ഒരു പാഠമാവാൻ

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA

## വാർത്ത







ലോകസിനിമയുടെ വാതി ലുകൾ ഇവിടെ തുറക്കുകയാണ്. "മുൻ ഐ. എഫ്. എഫ്. കെ ആർട്ടി സ്റ്റിക് ഡയറക്ടർ ദീപിക സുശീലൻ അതിഥിയായിരുന്നു. " പ്രേക്ഷക എന്ന നിലയിൽ ഫിൽക്കയുമായി എനിക്ക് മുൻപേ ബന്ധമുണ്ട്. ഫിൽക്ക നടത്തി യിട്ടുള്ള ഫെസ്റ്റിവലുകളിൽ വന്നിട്ടുണ്ട്. വർഷങ്ങൾക്ക് ശേഷം ഫിൽക്കയുടെ ഭാഗമായി, ഫിൽക്കയുടെ വേദിയിൽ നിന്ന് സംസാരിക്കാൻ കഴിഞ്ഞതിൽ സന്തോഷമുണ്ട്. ബാല്യം പ്രമേയ മാവുന്ന സിനിമകളുടെ ഈ മേളയിൽ ഓരോ സിനിമയും വ്യത്യസ്ത അവസ്ഥകളാണ്. തെരഞ്ഞെടുപ്പിൽ ഞാനും പങ്കെടു ത്തിരുന്നു. രണ്ട് ദിവസങ്ങളി ലായി പ്രദർശിപ്പിക്കുന്ന ഈ പാക്കേജിന് പ്രത്യേകതയുണ്ട്. " - ദീപിക പറഞ്ഞു. ചടങ്ങിൽ ഫോട്ടോഗ്രാ ഫർമാരായ അജി. എസ്., അനിൽ രാമൻ എന്നി വർക്ക് പുരസ്കാരം സമ്മാനിച്ചു. നോവലിസ്റ്റും ചലച്ചിത്ര നിരൂപകനു മായ സാബു ശങ്കർ, നടി ഗിരിജ സുരേന്ദ്രൻ, ഡോ. ബി. രാധാകൃഷ്ണൻ എന്നിവർ പ്രസംഗിച്ചു.

• • •

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
DIGITAL MAGAZINE
PUBLISHED BY FILCA
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033

വാർത്ത

# എഫ്.എഫ്.എസ് .ഐ. (കേരളം) പുതിയ പ്രസിഡന്റ് ഷാജി എൻ. കരുൺ






**ഫെ**ഡറേഷൻ ഓഫ് ഫിലിം സൊസൈറ്റീസ് ഓഫ് ഇന്ത്യ, (കേരളം) പുതിയ പ്രസിഡന്റ് ആയി ചുമതലയേറ്റ പ്രശസ്ത ഛായാഗ്രാഹകനും സംവിധായകനുമായ ഷാജി എൻ. കരുണിനെ ഫിൽക്ക അംഗങ്ങൾ അഭിനന്ദിച്ചു. പൊതുയോഗത്തിൽ ഫിൽക്ക ഫിലിം സൊസൈറ്റിയെ പ്രതിനിധീകരിച്ച് ട്രഷറർ വിനോദ്കുമാർ പി. സംസാരിച്ചു. ഫിൽക്ക ഫിലിം സൊസൈറ്റി ഓരോ മാസവും പ്രത്യേക പ്രമേയം ആസ്പദമാക്കി, ലോകസിനിമയിൽ നിന്ന് ഉചിതമായ സിനിമകൾ കണ്ടെത്തി, ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലുകൾ സംഘടിപ്പിച്ചു വരുന്നു. സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി, കേരള ചലച്ചിത്ര അക്കാദമി, വിവിധ സർക്കാർ വകുപ്പുകൾ, ഫിലിം സൊസൈറ്റികൾ എന്നിവയുടെ സഹകരണത്തോടെയാണ് നാല് സിനിമകൾ വീതം സൗജന്യമായി പ്രദർശിപ്പിക്കുന്നത്. പബ്ലിക് ലൈബ്രറിയിലെ എയർ കണ്ടീഷൻഡ് ഹാളിലാണ് പ്രദർശനം. തലസ്ഥാന നഗരിയുടെ ഹൃദയഭാഗത്തുള്ള സ്റ്റേറ്റ് സെൻട്രൽ ആൻഡ് പബ്ലിക് ലൈബ്രറി ഒരു സാംസ്കാരിക കേന്ദ്രമാക്കാനുള്ള പദ്ധതിയിൽ ഫിൽക്കയും സജീവമായി പങ്കെടുക്കുന്നു. പരമാവധി പേർക്ക് ക്ളാസിക്കുകൾ കാണാൻ സൗജന്യ

## വാർത്ത

മായി അവസരം ഉണ്ടാക്കുക എന്നതാ ണ് ഫിൽക്ക ഫിലിം സൊസൈറ്റി യുടെയും പബ്ലിക് ലൈബ്രറിയുടെയും പുതിയ നയം. ഫിലിം ക്ളാസിക്കുകൾ പഠിക്കുന്നതിന് മലയാളത്തിൽ ആദ്യമായി ഫിലിം വിഷൻ എന്ന ഡിജിറ്റൽ ഫിലിം മാഗസിൻ സൗജന്യമായി ഓൺലൈനിൽ ലോക മാകെ വിതരണം ചെയ്യുന്നുണ്ട്. www.filca.in എന്ന പുതിയ വെബ്സൈറ്റ് ഡിസൈൻ ചെയ്ത് ഓരോ ലക്കവും ഡൌൺലോഡ് ചെയ്യാവുന്ന രീതിയിൽ സൂക്ഷിക്കുന്നു. ചലച്ചിത്രകലയിലും നിരൂപണത്തിലും ഫിലിം സൊസൈറ്റി പ്രസ്ഥാനത്തിലും സേവനം ചെയ്തവരെ ഓരോ മാസവും സ്നേഹോപഹാരം നൽകി ആദരിക്കുന്നു. ഫിലിം സൊസൈറ്റി ഫെസ്റ്റിവൽ, പ്രവർത്തനം, ഫിലിം ക്ളാസിക്കുകൾ എന്നിവ ഉള്ളടക്കമാവുന്ന പരമ്പരയ്ക്കായി ഒരു യൂട്യൂബ് ചാനൽ ഈ മാസം ആരംഭിക്കുന്നു. സിനിമയുടെ വിശ്വജാലകം എന്നാണ് ശീർഷകം. പ്രമുഖ വ്യക്തികൾ ഓരോ എപ്പിസോഡിലും പങ്കെടുക്കും. സിനിമകളെ കുറിച്ചുള്ള വിവരണവും ഓരോ എപ്പിസോഡിലും ഉണ്ടാകും. സെപ്റ്റംബർ മാസം 9 ന് "വിഷ്വൽ മീഡിയ ജേർണലിസം & ഫിലിം എഡിറ്റിംഗ് " എന്ന വിഷയത്തിൽ, ആർച്ച് ടിവിഎം ചാനൽ സ്റ്റുഡിയോയുമൊത്ത് ശിൽപ്പശാല സംഘടിപ്പിക്കുന്നു. ഫിൽക്ക ഇതിനകം പുതിയ പ്രൊജക്ടർ, ഓഡിയോ സിസ്റ്റം, സ്ക്രീൻ, ലാപ്ടോപ് തുടങ്ങിയ ഉപകരണങ്ങൾ,



ലൈബ്രറി സൗകര്യം എന്നിവ സ്വന്തമാക്കി. ഒരു ഫീച്ചർ ഫിലിമിന്റെ ചിത്രീകരണത്തിൽ ഫിൽക്ക അംഗങ്ങൾ അഭിനയിക്കുകയും സാങ്കേതിക രംഗത്ത് പ്രവർത്തിക്കുകയും ചെയ്യുന്നു.
സർക്കാർ ഇതിനകം എഫ്. എഫ്. എസ്. ഐ യ്ക്ക് നൽകിയ ഗ്രാന്റിൽ നിന്ന് അർഹമായ വിഹിതം വിതരണം ചെയ്യുന്നതിൽ ഫിൽക്കയെ പരിഗണിക്കുമെന്ന് പ്രതീക്ഷിക്കുന്നതായി ട്രഷറർ വിനോദ്കുമാർ സൂചിപ്പിച്ചു. തുച്ഛമായ ഗ്രാന്റ് കൈപ്പറ്റിയാൽ മറ്റു ഗ്രാന്റുകൾക്ക് അപേക്ഷിക്കാൻ സാധിക്കാത്ത സാഹചര്യമുണ്ടെന്നും ട്രഷറർ വിനോദ്കുമാർ അറിയിച്ചു.

• • •

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA



# എം.ടി. വാസുദേവൻ നായർ

## ജീവിതരേഖ



വിനോദ്കുമാർ. പി. ( ട്രഷറർ, ഫിൽക്ക )

**നോ**വലിസ്റ്റ്, തിരക്കഥാകൃത്ത്, ചലച്ചിത്രസംവിധായകൻ, സാഹിത്യകാരൻ, നാടകകൃത്ത് എന്നീ നിലകളിൽ പ്രശസ്തനായ മലയാളിയാണ് മാടത്ത് തെക്കേപ്പാട്ട് വാസുദേവൻ നായർ എന്ന എം.ടി. വാസുദേവൻ നായർ.

മലയാളസാഹിത്യത്തിലും ചലച്ചിത്രരംഗത്തും വ്യക്തിമുദ്ര പതിപ്പിച്ച ഇദ്ദേഹം എം.ടി എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്നു. അദ്ധ്യാപകൻ, പത്രാധിപർ എന്നീ നിലകളിലും പ്രവർത്തിച്ച ഇദ്ദേഹത്തിന് പത്മഭൂഷൺ, ജ്ഞാനപീഠം എന്നിവയുൾപ്പെടെ ഒട്ടേറെ പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.
പൊന്നാനി താലൂക്കിൽ കൂടല്ലൂരിൽ *1933* ജൂലൈ *15* ന് ജനനം. അച്ഛൻ: ടി. നാരായണൻ നായർ, അമ്മ: അമ്മാളു അമ്മ. തൃശൂർ ജില്ലയിലെ പുന്നയൂർക്കുളത്തും പാലക്കാട്ട് ജില്ലയിലെ കൂടല്ലൂരുമായിട്ടായിരുന്നു ചെറുപ്പക്കാലം ചെലവഴിച്ചത്.

മലമക്കാവ് എലിമെന്ററി സ്കൂളിലും കുമരനെല്ലൂർ ഹൈസ്ക്കൂളിലും സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. *1953*- ൽ പാലക്കാട് വിക്ടോറിയ കോളേജിൽ നിന്ന് *Bsc* കെമിസ്ട്രി ബിരുദം. കോളേജ് വിദ്യാഭ്യാസത്തിന് ശേഷം ഒന്ന് രണ്ട് സ്ക്കൂളുകളിൽ അധ്യാപകനായി ജോലി ചെയ്തു. *1954*ൽ പട്ടാമ്പി ബോർഡ് ഹൈസ്കൂളിൽ പിന്നെ ചാവക്കാട് ബോർഡ് ഹൈസ്കൂളിലും അധ്യാപകനായി. രണ്ടിടത്തും കണക്കാണ് പഠിപ്പിച്ചിരുന്നത്. *1955-56* കാലത്ത് പാലക്കാട് എം.ബി. ട്യൂട്ടോറിയലിൽ അധ്യാപകനായും ജോലിനോക്കി. ഇതിനിടയിൽ തളിപ്പറമ്പിൽ ഗ്രാമസേവകന്റെ ഉദ്യോഗം കിട്ടിയെങ്കിലും ദിവസങ്ങൾക്കകം രാജിവെച്ച് എം.ബി.യിൽ തിരിച്ചെത്തി. തുടർന്ന് മാതൃഭൂമിയിൽ ചേർന്നു.

ഔദ്യോഗികജീവിതം കൂടുതലും കോഴിക്കോടായിരുന്നു.

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA

മാതൃഭൂമി പ്രസിദ്ധീകരണങ്ങളുടെ പത്രാധിപർ, കേരള സാഹിത്യ അക്കാദമി അദ്ധ്യക്ഷൻ എന്നീ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. *1993* ജനുവരി *23* മുതൽ തുഞ്ചൻ സ്മാരക സമിതി അദ്ധ്യക്ഷനായി പ്രവർത്തി ച്ചുകൊണ്ടിരിക്കുന്നു.

സ്കൂൾവിദ്യാഭ്യാസ കാലത്തു തന്നെ സാഹിത്യരചന തുടങ്ങി.കോളേജ് കാലത്ത് തന്നെ ജയകേരളം മാസികയിൽ കഥകൾ അച്ചടിച്ച് വന്നിരുന്നു. വിക്റ്റോറിയ കോളേജിൽ ബിരുദത്തിനു പഠിക്കുമ്പോൾ 'രക്തം പുരണ്ട മൺതരികൾ' എന്ന ആദ്യത്തെ കഥാസമാഹാരം പുറത്തി റങ്ങി.

*1954*-ൽ ന്യൂയോർക്ക് ഹെറാൾഡ് ട്രിബ്യൂൺ സംഘടിപ്പിച്ച ലോകചെറു കഥാമത്സരത്തിന്റെ ഭാഗമായി കേരളത്തിൽ മാതൃഭൂമി നടത്തിയ കഥാമത്സരത്തിൽ എം.ടി.യുടെ 'വളർ ത്തുമൃഗങ്ങൾ' എന്ന കഥ ഒന്നാം സ്ഥാനം നേടി. ഇതോടെയാണ് മലയാളസാഹിത്യത്തിൽ അദ്ദേഹം ശ്രദ്ധേയനായിത്തീർന്നത്.

'പാതിരാവും പകൽവെളിച്ചവും' എന്ന ആദ്യനോവൽ ഈ സമയത്താണു ഖണ്ഡശഃ പുറത്തുവന്നത്. ആദ്യമായി പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ച നോവൽ 'നാലുകെട്ട്'ആണ് *(1958).*

ആദ്യനോവലിനു തന്നെ കേരളാ സാഹിത്യ അക്കാദമി പുരസ്കാരവും ലഭിച്ചു. പിൽക്കാലത്ത് 'സ്വർഗ്ഗം തുറക്കുന്ന സമയം', 'ഗോപുരനടയിൽ' എന്നീ കൃതികൾക്കും കേരള സാഹിത്യ അക്കാദമി അവാർഡുകൾ ലഭിച്ചി ട്ടുണ്ട്.
*1963-64* കാലത്ത് സ്വന്തം കഥയായ 'മുറപ്പെണ്ണ്' തിരക്കഥയെഴുതി എം.ടി. ചലച്ചിത്രലോകത്തു പ്രവേശിച്ചു.

*1973*-ൽ ആദ്യമായി സംവിധാനം ചെയ്ത് നിർമ്മിച്ച 'നിർമാല്യം' എന്ന ചിത്രത്തിന് രാഷ്ട്രപതിയുടെ സ്വർണ്ണപ്പതക്കം ലഭിച്ചു.

അമ്പതിലേറെ തിരക്കഥകളെഴുതി യിട്ടുള്ള അദ്ദേഹത്തിന് നാലുതവണ ഈ മേഖലയിൽ ദേശീയപുരസ്കാരം ലഭിച്ചു. ഇതുകൂടാതെ 'കാലം'*(1970*-കേന്ദ്ര സാഹിത്യ അക്കാദമി അവാ ർഡ്*)*, 'രണ്ടാമൂഴം' *(1985*-വയലാർ അവാർഡ്*)*, വാനപ്രസ്ഥം (ഓടക്കുഴൽ അവാർഡ്*)*, എന്നീ കൃതികൾക്കും പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

*1995*-ലെ ജ്ഞാനപീഠ പുരസ്കാരം അദ്ദേഹത്തിനു ലഭിച്ചു.

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA

മലയാളസാഹിത്യത്തിനു നൽകിയ അമൂല്യ സംഭാവനകൾ കണക്കിലെടുത്ത് *1996*-ൽ കാലിക്കറ്റ് സർവ്വകലാശാല ബഹുമാനസൂചകമായി ഡി.ലിറ്റ്. ബിരുദം നൽകി ആദരിച്ചു. *2005*-ൽ പത്മഭൂഷൺ നൽകി എം.ടിയിലെ പ്രതിഭയെ ഭാരതസർക്കാർ ആദരിക്കുകയുണ്ടായി.*2013*-ൽ കേന്ദ്ര സാഹിത്യ അക്കാദമി ഫെല്ലോഷിപ്പ് എം ടിക്ക് ലഭിച്ചു.

എം.ടി.വാസുദേവൻനായർ എന്ന സാഹിത്യകാരൻ ഒരു പരിസ്ഥിതിവാദി കൂടിയാണ്. നിളയുടെ കഥാകാരൻ എന്നറിയപ്പെടുന്ന വാസുദേവൻ നായർ നിളാനദിയെയും ചുറ്റുമുള്ള പരിസ്ഥിതിപ്രശ്നങ്ങളെയും കുറിച്ച് പലപ്പോഴായി എഴുതിയ ലേഖനങ്ങൾ ‘കണ്ണാന്തളിപൂക്കളുടെ കാലം’ എന്ന പേരിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഇദ്ദേഹത്തിന്റെ കൃതികൾ നിരവധി ഇന്ത്യൻ ഭാഷകളിലേക്കും വിദേശ ഭാഷകളിലേക്കും മൊഴിമാറ്റം നടത്തിയിട്ടുണ്ട്.

• • •




www.ksfe.com
തിളങ്ങട്ടെ ജീവിതം
ഡയമണ്ട് പോലെ...
KSFE
ഡയമണ്ട്
ചിട്ടികൾ
25 ലക്ഷം
രൂപയുടെ
ഡയമണ്ട്
ആഭരണങ്ങളും
1000 പവൻ സ്വർണ്ണവും
സമ്മാനം
*നിബന്ധനകൾക്ക് വിധേയം
സംസ്ഥാനതല
ബമ്പർ സമ്മാനം
25 ലക്ഷം
രൂപയുടെ
ഡയമണ്ട്
ആഭരണങ്ങൾ
(ഒരാൾക്ക്)
അല്ലെങ്കിൽ
25 ലക്ഷം
രൂപ
മേഖലാതല
സമ്മാനങ്ങൾ
17 പേർക്ക്
10 പവൻ
സ്വർണ്ണം
അല്ലെങ്കിൽ
4.50 ലക്ഷം
രൂപ വീതം
ശാഖാതല
സമ്മാനങ്ങൾ
3744 പേർക്ക്
10000 രൂപയുടെ
സ്വർണ്ണനാണയം
അല്ലെങ്കിൽ
10000 രൂപ വീതം
കാലാവധി 2023 ഏപ്രിൽ 17 മുതൽ സെപ്തംബർ 30 വരെ
G.O. (Rt) No. 140/2023/Taxes Dt. 27/02/2023
KSFE
(ഒരു കേരള സർക്കാർ സ്ഥാപനം)
CIN: U65923KL1969SGC002249
ചിട്ടിസലയുടെ 50% വരെ വായ്പ സൗകര്യം
ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
കോർപ്പറേറ്റ് ഓഫീസ്: 'ഭദ്രത' മ്യൂസിയം റോഡ്, പി.ബി. നമ്പർ: 510, തൃശ്ശൂർ 20.
Ph: 0487-2332255. Toll Free Helpline: 18004253455, mail: mail@ksfe.com

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA




# എം. ടി യും പ്രാദേശിക സംസ്കാരവും

ബീന മാത്യു ( ഫിൽക്ക )



**എം.** ടി തിരയിളക്കങ്ങൾ ഉണ്ടാക്കിയ കടൽ ആയിരുന്നു. ചെറുകഥ കളിലൂടെ, നോവലുകളിലൂടെ, തിരക്കഥകളിലൂടെ വള്ളുവനാടൻ മിത്തുകളും ശൈലികളും വായന ക്കാർക്ക് തുറന്നു വെച്ച കഥാകാരൻ.

കരിമ്പനയെ കട പുഴകി എറിയാൻ വീശിയടിക്കുന്ന പാലക്കാടൻ കാറ്റ്!

ഓരോ കഥയും ഓരോ ചരിത്രമാണ്. യാഥാസ്ഥിതിക നായർ തറവാടും, മരുമക്കത്തായവും ജന്മിത്വത്തിൻറെ അവസാനവുമെല്ലാം പ്രതിപാദിക്കുന്ന കേരളത്തിലെ സാമൂഹ്യ വ്യവസ്ഥി തിയെ പറ്റിയുള്ള ചരിത്രം.

യാഥാസ്ഥിതിക നായർ തറവാടും മരുമക്കത്തായവും ജന്മിത്വത്തിൻറെ അവസാനവുമെല്ലാം പ്രതിപാദിക്കുന്ന കുട്ട്യേടത്തി, ഇരുട്ടിൻറെ ആത്മാവിലെ ഭ്രാന്തൻ വേലായുധനും മറ്റും ചെറുനൊ മ്പരമായി ഹൃദയങ്ങളിൽ കിടക്കും. വ്യക്തിബന്ധങ്ങളിലുണ്ടായ വിള്ളലുകളും ദാരിദ്ര്യവും പ്രണയത്തി ൻറെ ഭൂതകാലവും കഥകളിൽ വായി ച്ചെടുക്കാം.

കേരളത്തിലെ സാമൂഹ്യവ്യവസ്ഥയെ പറ്റിയുള്ള ചരിത്ര കഥാപാത്രങ്ങളെ കണ്ടെത്തിയത് സ്വകുടുംബത്തിൽ നിന്നാണ്. തമാശക്കുമുണ്ട് ഒരു ക്ളാസ്സിക്ക് സറ്റൈൽ. അത് കുടുകുടെ ചിരിപ്പിക്കുന്ന തമാശയല്ല. കൂരമ്പു പോലെ നെഞ്ചിൽ ആഴ്ന്നിറങ്ങുന്ന കറുത്തഹാസ്യം. അച്യുതൻ നായരുടെ കഴുത്തും കൈയും വെട്ടുന്നത് സങ്കൽപിച്ച് ഭ്രാന്തമായി ചിരിക്കുന്ന വേലായുധൻ കുട്ടി. സമൂഹത്തിലും കുടുബങ്ങളിലും അടക്കിഭരിക്കുന്ന കഥാപാത്രങ്ങളും മനുഷ്യമനസ്സിലെ പകയും വെറുപ്പു

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA

മായി ഒരു നാൾ അവരെ നിഷ്ക്കാസനം ചെയ്യുന്ന സ്വപ്ന/ സങ്കൽപ ങ്ങളും കഥകളിൽ കാണാം.

നോവലിലായാലും തിരക്കഥകളി ലായാലും ചില കഥാപാത്രങ്ങൾക്ക് കഥകളിയുടെ പരിവേഷമുണ്ട്. പച്ച യിൽ നിന്ന് കത്തിയിലേക്കുള്ള പകർ ന്നാട്ടം. പരിണയം എന്ന ചിത്രത്തിൽ നായിക താത്രി അന്തർജ്ജനം പച്ചവേഷത്തിൽ നിന്നാണ് ഗർഭിണി ആകുന്നത്. അവിടെ വേഷം കെട്ടിയ നടൻ അപ്രസക്തനാകുന്നു. കഥകളി കലാരൂപത്തെ സ്നേഹിക്കുന്ന നാടൻ സംസ്ക്കാരം
കൊണ്ടാകാം ഒളിഞ്ഞും തെളി ഞ്ഞും പച്ചയും കത്തിയും കഥാപാത്രങ്ങൾ മെനഞ്ഞുണ്ടാകുന്നത്.

രണ്ടാംമൂഴത്തിലെ ഭീമൻറെ പ്രണയഭംഗം നോക്കിയാൽ പാഞ്ചാലിയെ സ്നേഹിക്കുന്ന ഭീമൻ രണ്ടാംമൂഴക്കാരനാണ്. ഇതിൽ ശത്രുവിനോട് ദയ കാട്ടരുത് എന്നൊരു നാട്ടുനിയമം കാണാം . ഇത് ചുരുളഴിയാത്ത പ്രണയകാവ്യം കൂടിയാണ്.

നാട്ടുസംസ്ക്കാരത്തിൽ അലിഞ്ഞു ചേർന്ന സർപ്പക്കാവും അതിനോട് അനുബന്ധിച്ച് നടത്തുന്ന സർപ്പംതു ള്ളലും കാണാം. ഭാഗിച്ച് പോയവരും ബന്ധുക്കളും ദേശക്കാരും ഒത്തുകൂടുന്നത് പതിവ് കാണാം. ഭുവനേശ്വരി പൂജയും അമ്പലത്തിലെ കളംപാട്ടും കാണാം.

മാഞ്ഞുപോകാതെ ഉറഞ്ഞ മഞ്ഞു പോലെ പ്രണയം. ഓളവും തീരത്തിലെയും പ്രണയഭംഗം. അസുരവിത്തിലെ ചതി എന്നിവ മറ്റു കൃതികളിലുണ്ട്. നാലുകെട്ടുകളുടെ തകർച്ചയും നെടുവീർപ്പുകളും ഗതകാല ഗ്രാമീണ സൗഭാഗ്യങ്ങളെ ഓർത്തുള്ള വ്യാകുലതകളും ചാരുതയാർന്ന ഭാഷയിൽ അനുഭവവേദ്യമാക്കുന്ന കഥകളാണ് ഏറെയും എം.ടി എന്ന രചയിതാവിന്റേത്.

വാക്കുകൾക്ക് നിളാനദി പോലെ തട്ടും തടവുമില്ലാതുള്ള ശാന്തമായ ഒഴുക്ക്. ആശയങ്ങളുടെ ലാളിത്യം. ഭാഷയുടെ സൗന്ദര്യം. ഇവ എം.ടിയുടെ കഥയുടെ മുഖമുദ്രയാണ്. പ്രാദേശിക സംസ്ക്കാരം ഉടനീളം കഥകളിലും നോവലുകളിലും നിറഞ്ഞുനിൽക്കുന്നു.

• • •

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA




# വിമലയുടെ ദിവാസ്വപ്നങ്ങൾ

ഗിരിജ സുരേന്ദ്രൻ ( ഫിൽക്ക )



**എം.** ടി. വാസുദേവൻ നായർ *1964* ൽ രചിച്ച നോവലാണ് മഞ്ഞ്. കേന്ദ്ര കഥാപാത്രം വിമല. മഞ്ഞു മൂടിയ ഗിരിനിരകളും തടാകവും വേനൽക്കാല വിനോദ സഞ്ചാരികളുമുള്ള നൈനിറ്റാലിലെ ഒരു ബോർഡിങ് സ്കൂളിലെ അധ്യാപിക. അസ്വസ്ഥമായ കുടുംബ പശ്ചാത്തലത്താൽ അവൾ ഏകാന്തതയുടെ ലോകത്താണ്. അവധിക്ക് പോലും വീട്ടിൽ പോകുന്നതേയില്ല. ദുഃഖത്തിന്റെ മഞ്ഞിൽ തണുത്തു പോയ മനസ്സെങ്കിലും അവൾ ആരെയോ കാത്തിരിക്കുന്നു. പണ്ടെങ്ങോ ഒരു പ്രിയതമൻ ഒപ്പമുണ്ടായിരുന്നു. അവൻ മടങ്ങിവരുമെന്ന് പ്രതീക്ഷിക്കുന്നു. നിദ്രയുടെ ഇടവേളകളിൽ ചൂടുപകരുന്ന പ്രണയത്തിന്റെ കാലൊച്ച അവൾ കേൾക്കുന്നു. ദിവാസ്വപ്നങ്ങളുടെ ഋതുക്കൾ നിശബ്ദം കടന്നുപോകുന്നു. വിമലയുടെ ഏകാന്തമായ കാത്തിരിപ്പും തുടരുന്നു.

വിമലയെ സ്വീകരിച്ചുകൊണ്ട് രാജീവ് ഗോപാലകൃഷ്ണൻ ഒരുക്കിയ നാടകത്തിലെ വിമലയെ അവതരിപ്പിക്കുവാൻ എനിക്ക് അവസരം ലഭിച്ചിരുന്നു . വിമലയുടെ ദിവാസ്വപ്നങ്ങൾ എന്ന നാടകത്തിലെ കേന്ദ്ര കഥാപാത്രമാണ് വിമല. അവളുടെ ചിന്താലോകവും സ്വപ്നലോകവും ഏകാന്തതയും പ്രത്യാശയും നാടകത്തിൽ അവതരിപ്പിച്ചു.

വായനാശീലമുള്ളവളാണ് നാടകത്തിലെ വിമല. വായനയ്ക്കിടയിലുള്ള പകൽമയക്കത്തിൽ മലയാള സാഹിത്യത്തിലെ ശ്രദ്ധേയ സ്ത്രീകഥാപാത്രങ്ങൾ കടന്നുവരുന്നു. തങ്ങളുടെ പ്രണയബന്ധത്തിലെ ഉറച്ച നിലപാടുകൾ വ്യക്തമാക്കുന്നു.

ഓ. ചന്തുമേനോന്റെ നോവലിലെ ഇന്ദുലേഖ ഇംഗ്ലീഷ് വിദ്യാഭ്യാസം

നേടിയവളാണ്. അവൾ മാധവനോടുള്ള പ്രണയത്തിൽ ഉറച്ചുനിൽക്കുന്നു. അന്നത്തെ ഫ്യൂ ഡൽ - ജാതി വ്യവസ്ഥിതിയിൽ സൂരി നമ്പൂതിരിപ്പാട് അവളെ സംബന്ധം ചെയ്യാൻ ഒരുങ്ങിനിൽക്കുകയാണ്. അ തിനെതിരെയാണ് ഇന്ദുലേഖയുടെ ധീരമായ നിലപാട്. അവളുടെ വ്യക്തി ത്വത്തിന്റെ കരുത്ത് വിമലയെ ചിന്തിപ്പിക്കുന്നു.

അടുത്തതായി, തകഴിയുടെ ചെമ്മീനി ലെ കറുത്തമ്മ കടന്നുവരുന്നു. അവൾ വിമലയോട് പ്രകടിപ്പിക്കുന്നത് മറ്റൊരു അവസ്ഥയാണ്. വള്ളവും വലയും വാങ്ങാൻ കറുത്തമ്മയുടെ പിതാവായ ചെമ്പൻകുഞ്ഞിന് പണം കടമായി കൊടുത്തു സഹായിച്ച കൊച്ചുമുത ലാളി പരീക്കുട്ടിയെ ചെമ്പൻകുഞ്ഞ് തഴയുന്നു. കറുത്തമ്മയെ പളനിക്കു വിവാഹം കഴിച്ചുകൊടുക്കുന്നു. കാലം കടന്നുപോയി. കറുത്തമ്മയ്ക്ക് ഒരു കുഞ്ഞായി. എന്നിട്ടും അവൾ ക്കുള്ളിലെ പ്രണയം സത്യസന്ധമായി നിലകൊള്ളുന്നു. ഒരിക്കൽ പളനി കടലിൽ പണിക്ക് പോയപ്പോൾ കറു ത്തമ്മയെ തേടിയെത്തുന്ന പരീക്കു ട്ടിയെ കറുത്തമ്മ സ്വീകരിക്കുന്നു. കറു ത്തമ്മയുടെ സ്വപ്ന പ്രവേശനവും വിമലയെ ചിന്തിപ്പിക്കുന്നു.

മൂന്നാമതായി ഉറൂബിന്റെ ഉമ്മാച്ചു വാണ്. അവൾ സ്നേഹിക്കുന്നത് മായീനെയാണ്. പക്ഷേ കുടുംബ സാഹചര്യത്താൽ ബീരാനെ കല്യാണം കഴിക്കേണ്ടി വരുന്നു.

കാലം കഴിഞ്ഞ പ്പോൾ ആ ബന്ധം ഇല്ലാതായി. അവൾ തന്റെ പ്രിയതമനായ മായീനെ തന്നെ കല്യാണം കഴിക്കുന്നു.

പകൽക്കിനാവിൽ കടന്നുവന്ന മൂന്ന് സ്ത്രീകഥാപാത്രങ്ങൾ മാഞ്ഞുപോ യപ്പോൾ വിമല സ്വന്തം പ്രണയത്തെ കുറിച്ചു ചിന്തിക്കുന്നു. ഒരിക്കൽ തന്റെ മനസ്സിലേക്ക് കടന്നുവന്ന പ്രിയതമനെ കുറിച്ചോർക്കുന്നു. അയാൾ ഒരുനാൾ തന്നെ തേടിയെത്തുമെന്നു പ്രതീക്ഷി ക്കുന്നു. വിമലയുടെ ഏകാന്തതയിൽ ആ കാത്തിരിപ്പ് തുടരുന്നു. ഓരോ ടൂറിസ്റ്റ് സീസണും കടന്നുപോ കുമ്പോഴും, പ്രായമേറുന്തോറും ആ കാത്തിരിപ്പിന് ശക്തി കൂടുന്നു.

പ്രണയം എല്ലാ മനസ്സിലും വന്ന് പോകുന്ന ഒരനുഭവം ആണ്. മുൻ കാലഘട്ടത്തിൽ പ്രണയത്തെ മുറുകെ പിടിച്ച, വ്യത്യസ്ത സംസ്കാരത്തിനുടമകളായ 4 ത്യാഗ ധർമിണികളായ സ്ത്രീ കളെ അവതരിപ്പിക്കാൻ അവരുടെ മോഡുലേഷൻ, വേഷവിധാനമൊക്കെ വളരെ ശ്രദ്ധയോടെ റിഹേഴ്സൽ ചെയ്തെടുക്കേണ്ടതുണ്ടായിരുന്നു . അതുകൊണ്ട് തന്നെ ധാരാളം അംഗീകാരവും നേടിത്തരുകയും ചെയ്തു.

എം. ടി. വാസുദേവൻ നായരുടെ മഞ്ഞിലെ നായിക വിമലയുടെ മനോലോകത്തെ ആവിഷ്കരിക്കാൻ കഴിഞ്ഞതിൽ ഏറെ സന്തോഷവും ചരിതാർഥ്യവും ഉണ്ട്.

• • •

ഫിലിം വിഷൻ

filca FILM LOVERS CULTURAL ASSOCIATION

കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി
തിരുവനന്തപുരം 695 033

DIGITAL MAGAZINE
PUBLISHED BY FILCA




# എം.ടി.യുടെ സിനിമാ ലോകം



**സുരേഷ് കുമാർ.സി,**

**ബീം ഫിലിം സൊസൈറ്റി**

**സാ**ഹിത്യകൃതികളിലൂടെ മലയാളി മനസ്സിന്റെ ആഴങ്ങളെ ഉഴുതുമറിച്ച എം.ടി.യുടെ ചലച്ചിത്ര ലോകവും സമാനതകളില്ലാത്ത കഥപറച്ചിൽ കാഴ്ചകൾ കൊണ്ട് മലയാളിയുടെ ഉള്ളു നിറയ്ക്കുന്നതാണ്. ചുറ്റുമുള്ള ലോകത്തെ തന്നിലേക്കാവാഹിച്ച്, അതിനുള്ളിൽ നിന്ന് കൊണ്ട് സമൂഹത്തോട്, പതിഞ്ഞതെങ്കിലും കനത്ത സ്വരത്തിൽ സംവദിക്കുന്നതാണ് എം.ടി.യുടെ രചനകൾ - സാഹിത്യമായാലും സിനിമയായാലും.

വാക്കുകളിലൂടെ കാഴ്ചകൾ സമ്മാനിക്കാൻ കഴിഞ്ഞ അദ്ദേഹത്തിന് കാഴ്ചകളിലൂടെ കഥ പറയുക എന്നതും ആയാസരഹിതമായിരുന്നു. നോവലിൽ നിന്ന് തിരക്കഥയിലേക്കുള്ള പ്രവേശം എം.ടി.യെ സംബന്ധിച്ച് ഒരു സ്വാഭാവിക പ്രക്രിയ മാത്രമാണ്.

*1965*-ൽ ശ്രീ. എ. വിൻസെന്റിന്റെ സംവിധാനത്തിൽ പുറത്തിറങ്ങിയ മുറപ്പെണ്ണിലൂടെയാണ്, സ്വന്തം കഥയെ തിരക്കഥയാക്കി മാറ്റുന്ന രചനാ പ്രക്രിയക്ക് തുടക്കമിട്ടു കൊണ്ട് എം.ടി സിനിമാ ലോകത്തേ ക്ക് കടന്നു വരുന്നത്. അര നൂറ്റാണ്ടി ലേറെ നീളുന്ന കാലയളവി നുള്ളിൽ 50 ലേറെ തിരക്കഥകളാണ് അദ്ദേഹത്തിന്റെ തൂലികയിൽ നിന്ന് പിറന്നു വീണത്. മുറപ്പെണ്ണിനു ശേഷം പുറത്തുവന്ന ഇരുട്ടിന്റെ ആത്മാവ് (1967), ഓളവും തീരവും (1970), കുട്ട്യേടത്തി (1971) എന്നീ ആദ്യകാല സിനിമക ളിലൂടെ തന്നെ തിരക്കഥാ രചനയിലെ തന്റെ മേധാശക്തി അദ്ദേഹം തെളിയിച്ചു കഴിഞ്ഞിരുന്നു. മികച്ച ചിത്രത്തിനോടൊപ്പം തിരക്കഥാരചനക്കുമുള്ള സംസ്ഥാന അവാർഡ് കരസ്ഥമാക്കിയ ഓളവും തീരവുമാണ് എം.ടി.യിലെ ചലച്ചിത്രകാരനെ

ഫിലിം filca FILM LOVERS CULTURAL ASSOCIATION വിഷൻ
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA

കൂടുതൽ പ്രശസ്തിയിലേക്ക് ഉയർത്തിയത്. പൂർണ്ണമായും വാതിൽപ്പുറ ചിത്രീകരണത്തിലൂടെ നിർമ്മിച്ച ആദ്യ മലയാള സിനിമ. പ്രമേയ പരിചരണത്തിൽ പുലർത്തിയ ഋജുത്വവും കഥാഗതിയുടെ സ്വാഭാവിക വികാസവും സംഭാഷണങ്ങളിലെ ലാളിത്യവും മലയാള സിനിമയുടെ പുതിയ ഭാവുകത്വത്തിന്റെ വരവറിയിച്ച ചിത്രമാണ് ഓളവും തീരവും.

സംവിധായകന്റെ ഇടം ചുരുക്കിക്കളയും വിധം കാഴ്ചയുടെ പൂർണ്ണത നിറഞ്ഞു നിൽക്കുന്നവയാണ് എം.ടി.യുടെ തിരക്കഥകൾ. ഫ്രെ യിമുകളുടെ സൂക്ഷ്മാംശം പോലും അക്ഷരങ്ങളിൽ കൊത്തിവയ്ക്കാനുള്ള അദ്ദേഹത്തിന്റെ സിദ്ധി ഏറെ അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്.

സ്വന്തം കഥകൾക്കെന്ന പോലെ തന്നെ ഇതര സാഹിത്യകാരന്മാരുടെ രചനകൾക്കും അദ്ദേഹം തിരക്കഥാരൂപം നൽകി മികച്ച സിനിമകൾക്ക് വഴിവച്ചിട്ടുണ്ട്. ദേശീയ അവാർഡ് നേടിയ കടവ് *(എസ്.കെ.പൊറ്റക്കാടിന്റെ കഥ)*, ഒരു ചെറുപുഞ്ചിരി *(തെലുഗു കഥ)*, മണ്ണിന്റെ മാറിൽ *(ചെറുകാടിന്റെ നോവൽ)* എന്നിവ അവയിൽ ചിലതാണ്.

പുരാണങ്ങളായാലും ഐതിഹ്യ കഥകളായാലും സ്വന്തം പ്രതിവ്യാഖ്യാനങ്ങളിലൂടെ അനുവാചകനെ ഒപ്പം കൂട്ടാനുള്ള എം.ടി.യുടെ കഴിവ് മികച്ച നിരവധി സിനിമകൾക്ക് ജന്മം നൽകി. വൈശാലി, ഒരു വടക്കൻ വീരഗാഥ, പെരുന്തച്ചൻ, പരിണയം തുടങ്ങിയവ ഉദാഹരണങ്ങൾ.

ആറ് ചിത്രങ്ങളാണ് എം.ടി. സ്വയം സംവിധാനംചെയ്ത് പുറത്തിറക്കിയത്. അതിൽ മുഖ്യം ആദ്യ സംവിധാന സംരംഭമായ നിർമ്മാല്യം തന്നെ. 'പള്ളിവാളും കൽച്ചിലമ്പും' എന്ന സ്വന്തം കഥയെ, ദൃശ്യഘടനക്ക് ആവശ്യമായ ഭേദഗതികളോടെ സിനിമയാക്കിയപ്പോൾ നമുക്ക് ലഭിച്ചത് എക്കാലവും ഓർമ്മയിൽ നിർത്തേണ്ട ഒരു ദൃശ്യശില്പമാണ്. തീവ്ര നിലപാടുകളും തീക്ഷ്ണ പ്രതികരണങ്ങളും കഥാശരീരത്തിൽ അലിയിച്ചു ചേർത്ത് സൃഷ്ടിച്ചത് കൊണ്ടാകാം 50 വർഷത്തിനു ശേഷവും നിർമ്മാല്യത്തിന്റെ കാഴ്ച അനുവാചകരിൽ വെള്ളിടിപോലെ ചെന്ന് തറയ്ക്കുന്നത്. പി.ജെ. ആൻറണി എന്ന നടനെ മലയാളത്തിന് വീണ്ടെടുത്തു നൽകി എന്നതു തന്നെ ആ സിനിമ നൽകിയ

വലിയ സംഭാവനയാണ്. ഏറ്റവും നല്ല ചിത്രത്തിനും മികച്ച നടുനുമുള്ള ദേശീയ - സംസ്ഥാന പുരസ്കാരങ്ങൾ *(1973)* നിർമ്മാല്യം കരസ്ഥമാക്കി.

എം.ടി.സംവിധാനം ചെയ്ത ബന്ധനം *(1978)*, കടവ്*(1991)* എന്നീ ചിത്രങ്ങളും മികച്ച സിനിമയ്ക്കുള്ള സംസ്ഥാന അവാർഡിന് അർഹമായിട്ടുണ്ട്. വാരിക്കുഴി*(1982)*, മഞ്ഞ്*(1983)*, ഒരു ചെറു പുഞ്ചിരി *(2000)* എന്നിവയാണ് അദ്ദേഹം സംവിധാനം ചെയ്ത മറ്റു സിനിമകൾ .

അനീതിയും അരുതായ്മകളും നിറഞ്ഞാടുന്ന സമൂഹത്തിനെതിരെയുള്ള പ്രതിഷേധം അമർന്നു കത്തുന്ന തീയായി കൊണ്ടു നടക്കുന്ന മനസ്സുകളുടെ ഉടമകളാണ് എം.ടി.യുടെ മിക്ക കഥാപാത്രങ്ങളും. പൊട്ടിത്തെറിക്കാനാവാത്ത മനസ്സുകളുടെ സംഘർഷങ്ങളുടെ സൂക്ഷ്മതലങ്ങൾ വരെ ഒപ്പിയെടുത്ത് നമുക്ക് മുന്നിലിട്ടു തരുന്നു , എം.ടി.

അക്ഷരങ്ങളിലൂടെയും ദൃശ്യങ്ങളിലൂടെയും. അപൂർവമായെങ്കിലും സംഭവിക്കുന്ന പൊട്ടിത്തെറികളാവട്ടെ തീക്ഷ്ണവും പൊള്ളിക്കുന്നവയുമാണ്.

എം.ടി.യുടെ സിനിമകളുടെ പഠനമോ വിശകലനമോ ഈ ചെറു കുറിപ്പിന്റെ പരിധിയിൽ വരുന്നില്ല. എങ്കിലും ഓപ്പോൾ, വളർത്തുമൃഗങ്ങൾ, ഇടവഴിയിലെ പൂച്ച മിണ്ടാപ്പൂച്ച, വിൽക്കാനുണ്ട് സ്വപ്നങ്ങൾ, പഞ്ചാഗ്നി തുടങ്ങിയ സിനിമകളെ പരാമർശിക്കാതെ പോകാനാകില്ല. 2013 ൽ ഹരിഹരൻ സംവിധാനം ചെയ്ത ' ഏഴാമത്തെ വരവ് ' ആണ് എം.ടിയുടെ രചനയിലൂടെ പുറത്ത് വന്ന അവസാന ചിത്രം.

സാഹിത്യത്തിൽ ജ്ഞാനപീഠ പുരസ്കാരം നേടിയിട്ടുള്ള എം.ടി. ചലച്ചിത്രമേഖലയിലെ സമഗ്ര സംഭാവനക്കുള്ള സംസ്ഥാന സർക്കാരിന്റെ ജെ.സി. ഡാനിയൽ അവാർഡിനും (2013) അർഹനായി.

അതെ, തന്റെ ചുറ്റിലും ഉള്ളിലുമുള്ള ലോകത്തെ മനുഷ്യനിലേക്ക് തിരിച്ചുവെച്ച ഒരു മൗലിക പ്രതിഭയുടെ കയ്യൊപ്പ് ചാർത്തപ്പെട്ടതാണ് എം.ടി.യുടെ സിനിമാ ലോകം.

• • •

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA

# എംടിയും സാഹിത്യവും



ജ്യോതിഷ്കുമാർ. പി. എസ് ( ഫിൽക്ക )

**മ**ലയാളിയുടെ സാംസ്കാരിക നഭസ്സിലെ സൂര്യതേജസാണ് എം.ടി.വാസുദേവൻ നായർ. അദ്ധ്യാപകനായും കഥാകൃത്തായും നോവലിസ്റ്റായും തിരക്കഥാകൃത്തായും പത്രാധിപരായും സംവിധായകനായും മലയാള സാഹിത്യത്തിലും മലയാള സിനിമയിലും മലയാളിയുടെ ഓരോ സാംസ്കാരിക തലത്തിലും അദ്ദേഹം നിറഞ്ഞു നിൽക്കുന്നു.

മലയാള സാഹിത്യത്തിലും മലയാള സിനിമയിലും മലയാളിയുടെ ഓരോ സാംസ്കാരിക തലത്തിലും പകരം വെക്കാൻ ആളില്ലാത്ത അപൂർവ വ്യക്തിത്വങ്ങളിൽ ഒന്നാണ് അദ്ദേഹത്തിന്റേത്.

കുട്ടിക്കാലം തൊട്ടുള്ള ജീവിതാനുഭവങ്ങൾ വെളിച്ചവും ചൂടും ചൂരും പകർന്നതിനാൽ സ്കൂൾവിദ്യാഭ്യാസ കാലത്തു തന്നെ സാഹിത്യരചന തുടങ്ങി. ബിരുദ പഠന കാലത്തു തന്നെ കഥകൾ അച്ചടിച്ചു വരികയും ആദ്യത്തെ കഥാ സമാഹാരമായ 'രക്തം പുരണ്ട മൺതരികൾ' പുറത്തിറങ്ങുകയും ചെയ്തു. 1954-ൽ ന്യൂയോർക്ക് ഹെറാൾഡ് ട്രിബ്യൂൺ സംഘടിപ്പിച്ച ലോകചെറുകഥാ മത്സരത്തിന്റെ ഭാഗമായി കേരളത്തിൽ മാതൃഭൂമി നടത്തിയ കഥാമത്സരത്തിൽ 'വളർത്തുമൃഗങ്ങൾ' എന്ന കഥ ഒന്നാം സ്ഥാനം നേടിയതോടെയാണ് മാടത്ത് തെക്കേപ്പാട്ട് വാസുദേവൻ നായർ എന്ന എം.ടി. വാസുദേവൻ നായർ മലയാളസാഹിത്യത്തിൽ ശ്രദ്ധേയനായിത്തീർന്നത്.

കേരള സാഹിത്യ അക്കാദമി അവാഡിൽ തുടങ്ങി ജ്ഞാനപീഠവും എഴുത്തച്ഛൻ പുരസ്കാരവും എം.ടി. യിലെ സാഹിത്യ പ്രതിഭയ്ക്കും കേരള സംസ്ഥാന ചലച്ചിത്ര പുരസ്കാരവും ദേശീയ ചലച്ചിത്ര പുരസ്കാരവും ജെ.സി. ദാനിയേൽ പുരസ്കാരവും എം.ടി.യെന്ന ചലച്ചിത്രകാരനും ആദരവ് കൊണ്ട് തിലകം ചാർത്തി.

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA

മാതൃഭൂമി ആഴ്ചപ്പതിപ്പിന്റെ പത്രാധിപർ എന്ന പദവിയാണ് മലയാള സാഹിത്യത്തിനും എം.ടി.യുടെ പിൻതലമുറയ്ക്കും അതുല്യ സംഭാവന നൽകാൻ എം.ടി യെ സഹായിച്ച മറ്റൊരു ഇടം.

കഥയായാലും നോവലായാലും തിരക്കഥ ആയാലും എം.ടി. എന്ന സാഹിത്യകാരൻ ആണ് അവയിലൊക്കെ നിറഞ്ഞു നിൽക്കുന്നത്. എം.ടി.യുടെ വ്യക്തിപ്രഭാവം നിറഞ്ഞു നിൽക്കുന്നത് എഴുത്തിൽ മാത്രമല്ല, മികച്ച വായനക്കാരൻ കൂടിയാണ് അദ്ദേഹം. മാജിക്കൽ റിയലിസം കൊണ്ട് അത്ഭുതപ്പെടുത്തിയ ഗബ്രിയേൽ ഗാർഷ്യ മാർകേസിനെ കേരളക്കരയിൽ ആദ്യമായി വായിക്കുകയും മലയാളികൾക്ക് പരിചയപ്പെടുത്തി കൊടുക്കുകയും ചെയ്തതുൾപ്പെടെ ഒരു വായനക്കാരന്റെ ഏറ്റവും വലിയ കടമ കൂടി നിർവഹിച്ചു കൊണ്ട് മലയാള സാഹിത്യത്തെ പരിപോഷിപ്പിച്ചു.

ഒരു പുസ്തകത്തിനും അവതാരിക എഴുതിച്ചിട്ടില്ലാത്ത എം.ടി. അനേകം പേരുടെ പുസ്തകങ്ങൾക്ക് അവതാരിക എഴുതി കൊടുത്തിട്ടുണ്ട്. അതിലൂടെ മലയാള സാഹിത്യത്തെയും എഴുത്തുകാരെയും മികവിന്റെ പാതയിലേക്ക് നയിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു.

അപ്പുണ്ണി, ഭീമസേനൻ, വിമല, സർദാർജി, കുട്ട്യേടത്തി, ഉണ്ണി എന്ന് തുടങ്ങി അദ്ദേഹത്തിന്റെ കഥകളിലും നോവലിലും തിരക്കഥകളിലും നമ്മൾ പരിചയപ്പെട്ട കഥാപാത്രങ്ങൾ മലയാളിയുടെ മനസ്സിൽ എക്കാലവും സ്ഥാനം പിടിച്ചവരാണ്.
നിളയുടെ കഥാകാരൻ എന്നറിയപ്പെടുന്ന അദ്ദേഹം കാലത്തിന്റെ സങ്കീർണതകളും ജീവിതത്തിന്റെ സമസ്യകളും എഴുത്തിൽ പകർത്തിയ സാഹിത്യകാരൻ ആണ്. എം. ടി എന്തെഴുതിയാലും അതിൽ നക്ഷത്രം വിരിയും എന്ന് കേട്ടിട്ടുണ്ട്.

ഓരോ അഭിമുഖത്തിലും അദ്ദേഹത്തിന്റെ വാക്കുകൾക്കായി കാതോർക്കുന്നവരാണ് എല്ലാ സാഹിത്യകുതുകികളും. അതിൽ അറിവും തിരിച്ചറിവും വിമർശനവും വെളിച്ചവും വഴികാട്ടലും ഒക്കെയുണ്ടാകും.

9 നോവലുകൾ, 25 കഥാസമാഹാരങ്ങൾ, 60 ഓളം തിരക്കഥകൾ, 1 നാടകം, 3 പ്രബന്ധങ്ങൾ, 7 ലേഖന സമാഹാരങ്ങളും 1 യാത്രാവിവരണവും അസംഖ്യം മറ്റു രചനകളും അടങ്ങിയതാണ് എം.ടി. വാസുദേവൻ നായർ എന്ന എം.ടി. യുടെ സർഗ്ഗ സാഹിത്യ പ്രപഞ്ചം.

നാലുകെട്ട്, പാതിരാവും പകൽവെളിച്ചവും, അറബി പൊന്ന്, അസുരവിത്ത്,

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA

മഞ്ഞ്, കാലം, വിലാപയാത്ര, രണ്ടാമൂഴം, വാരാണസി തുടങ്ങിയവ ഏറെ വായിക്കപ്പെട്ട നോവലുകളാണ്.

വരികളിലൂടെ, വാക്കുകളിലൂടെ, സംഭാഷണങ്ങളിലൂടെ, പ്രകൃതി വർണ്ണനകളിലൂടെ, ദൃശ്യാവിഷ്കാരത്തിലൂടെ സാംസ്കാരിക തലങ്ങളിലെ ഇടപെടലുകളിലൂടെ നമ്മെ എന്നും വിസ്മയിപ്പിക്കുന്ന സാഹിത്യകാരനാണ് ശ്രീ. എം. ടി വാസുദേവൻ നായർ.

• • •



ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA

# എം. ടി യുടെ ചലച്ചിത്ര ഗാനങ്ങൾ



അജി. എസ്
( ഫിൽക്ക ഫിലിം സൊസൈറ്റി )

എം.ടിയുടെ മുഴുവൻ കഥകളും നോവലും തിരക്കഥയും വായിച്ച ആൾക്കാരോട് എം.ടി യുടെ കവിതകളോ സിനിമാ ഗാനങ്ങളോ വായിച്ചിട്ടുണ്ടോ അഥവാ കേട്ടിട്ടുണ്ടോ എന്നു ചോദിച്ചാൽ ചിലപ്പോൾ പകരംകിട്ടുന്നത് ചുണ്ട് ചരിച്ചൊരു ചിരിയായിരിക്കും.
എന്നാൽ അങ്ങനെയും സംഭവിച്ചിട്ടുണ്ട്.

എംടി തിരക്കഥയെഴുതി ഹരിഹരൻ സംവിധാനം ചെയ്ത 'വളർത്തുമൃഗങ്ങൾ' എന്ന സിനിമയ്ക്ക് വേണ്ടി എം.ബി.ശ്രീനിവാസൻ ചിട്ടപ്പെടുത്തി കെ.ജെ.യേശുദാസും എസ് ജാനകിയും പാടിയിരിക്കുന്ന പാട്ടുകൾ ഇപ്പോഴും പലരും ഓർക്കുന്നുണ്ട്.
സർക്കസ് കൂടാരത്തിലെ മനുഷ്യ ജീവിതങ്ങളുടെ കഥപറയുന്ന ചിത്രത്തിൽ സുകുമാരൻ, രതീഷ്, മാധവി, ബാലൻ കെ. നായർ, നന്ദിതാ ദാസ് തുടങ്ങിയവർ അഭിനയിച്ച "വളർത്തുമൃഗങ്ങൾ" എന്ന സിനിമയ്ക്കായി നാല് ഗാനങ്ങളാണ് എം.ബി. ശ്രീനിവാസൻ ചിട്ടപ്പെടുത്തി കെ.ജെ. യേശുദാസും എസ് ജാനകിയും പാടിയിരിക്കുന്നത്.

കഥാകൃത്തായും നോവലിസ്റ്റായും തിരക്കഥാകൃത്തായും സംവിധായകനമായും കൈവയ്ക്കുന്ന മേഖലകളിലെല്ലാം ആസ്വാദനത്തിൻറെ മറ്റൊരു തലം സൃഷ്ടിക്കുന്ന മലയാളകഥകളുടെ പെരുന്തച്ചൻ അൻപതോളം സിനിമകളുടെ ഭാഗമായിട്ടുണ്ടെങ്കിലും രണ്ട് സിനിമയ്ക്ക് വേണ്ടി മാത്രമാണ് പാട്ടെഴുതിയിട്ടുള്ളത്.
വളർത്തുമൃഗങ്ങളിലും എം.ടി - ഹരിഹരൻ ടീമിൻറെ തന്നെ റിലീസ് ചെയ്യാത്ത "എവിടെയോ ഒരു ശത്രു"എന്ന സിനിമയിലും. അതിൽ എം ബി എസ്സിന്റെ സംഗീത സംവിധാനത്തിൽ
"പൊന്നില്ലാതെ പൂവില്ലാതെ
വന്നതിന് മാപ്പുതരൂ
തൃപ്പടിമേൽ വച്ചുതൊഴാൻ
കൈയിൽ തുത്താലില പോലുമില്ല" എന്ന ഗാനം.

ചലച്ചിത്ര ഗാനങ്ങളുടെ ചിട്ടവട്ടത്തിൽ നിന്നു വളരെയേറെ വേറിട്ടു നിൽക്കുന്ന രചനാരീതിയാണ് ഈ സിനിമകളുടെ ഗാനങ്ങൾക്ക് വേണ്ടി അദ്ദേഹം സ്വീകരിച്ചിരിക്കുന്നതെന്ന് കേട്ടാൽ മനസ്സിലാകും.

വളർത്തുമൃഗങ്ങളിൽ സർക്കസ് സംഘം

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA

ഒരിടത്തുനിന്നു മറ്റൊരിടത്തേക്ക് യാത്ര ചെയ്ത് തമ്പടിക്കുന്നതിന്റെ പരിചിത മായ ജീവിതയാഥാർത്ഥ്യങ്ങളുടെ പശ്ചാത്തലത്തിലുള്ള ഗാനം ഇങ്ങനെ :

കർമത്തിൻ പാതകൾ വീഥികൾ
ദുർഗമ വിജനപഥങ്ങൾ
കളിയുടെ ചിരിയുടെ വ്യഥയുടെ
ഭാണ്ഡക്കെട്ടുകൾ പേറിവരുന്നവർ...

അടുത്ത ഇടം കണ്ടെത്തി സർക്കസ് സംഘം, കൂടാരം ഉയർത്തുന്ന രംഗത്ത് അതിലെ അധ്വാനത്തിന്റെ കെടാത്ത കനലിലേക്കാണ് കടക്കുന്നത്.

അസ്തപർവത ചെരുവിൽനിന്നും
കതിരൊളി കയർ വലിച്ചു
അടിയാളർ കരിമുകിലുകൾ
തൊഴിലാളർ തൂണുകളുയർത്തി
നീലമേലാപ്പുകൾ കെട്ടും
ആകാശക്കൂടാരം
വിശ്വകർമാവിൻ വർണക്കൂടാരം...

ഉടലും മനസ്സും തകർക്കുന്ന ജീവിത പരീക്ഷകൾക്കിടയിൽ കാലിടറുമെങ്കിലും തോറ്റു പിന്മാറാൻ തയ്യാറല്ലാത്ത ജീവിതത്തെനോക്കി
"ഊരുതെണ്ടുമൊരേകാന്ത പഥികന്
കാവൽനിൽക്കും താരസഖികളേ...
നിങ്ങൾക്കു നന്ദി ശുഭരാത്രി
ശുഭരാത്രി..." ഈ ഗാനം ഒരുപക്ഷെ മലയാളത്തിൽ ആദ്യത്തെ ശുഭരാത്രി ഗാനമായിരിക്കാം.

എസ്.ജാനകിയുടെ ഏറ്റവും നല്ല മലയാളം ഗാനങ്ങളിലൊന്നെന്ന് നിസംശയം പറയാവുന്ന, വളർത്തുമൃഗങ്ങളിലെ നായിക യുടെ മനസ്സിൽ പ്രണയസുഗന്ധം നിറയ്ക്കുന്ന അനുഭൂതി ദായകമായ ഗാനം പശ്ചാത്തലമായി വരുന്ന ഒന്നാണ്.

ഒരു മുറിക്കണ്ണാടിയിലൊന്നു നോക്കി
എന്നെ ഒന്നു നോക്കി
അറിഞ്ഞില്ല ഞാനിന്നെന്നെ
അറിഞ്ഞില്ല അറിഞ്ഞില്ല
കണ്ണാടി പൊടിമറഞ്ഞു രാവിൻ
കിനാവിലേതോ ഇന്ദ്രജാലം നടന്നോ...

എം.ബി.ശ്രീനിവാസൻ ഒരുക്കിയ ഈണത്തിന് എസ്.ജാനകി അതിന്റെ ആത്മാവറിഞ്ഞ് പാടുമ്പോൾ സംഗീതപ്രേമികൾക്ക് ഒരു അനുഭവം തന്നെയാണ്.

യേശുദാസിന്റെ വേറിട്ട ശബ്ദത്തിൽ ഒരു പരീക്ഷണം എന്ന നിലയ്ക്കാകാം സർക്കസിന്റെ കാഴ്ചകളിലെ പിന്നാമ്പുറത്തേക്ക് പരിശീലനത്തിന്റെയും പരിശീലകന്റെ കർക്കശമായ പെരുമാറ്റങ്ങളിലൂടെയും കുട്ടിക്കൊണ്ടുപോയി നിശിതമായ വിമർശനങ്ങൾ ചൊരിയുന്നു .

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA

കാക്കാലൻ കളിയച്ഛൻ കണ്ണന്നുറങ്ങുന്ന കരി മറക്കകം ഇരുന്ന വിരൽ പത്തും വിറയ്ക്കുന്നു...

കിഴവിന്റെ കൈത്തുമ്പിൽ ചരടുകളിള കുമ്പോൾ കരയുന്ന ചിരിക്കുന്ന പൊരുതുന്ന മരിക്കുന്ന കളിയരങ്ങത്തു നൂറു വീര ശ്ശൂര നായകന്മാർ...

സമാനസ്വഭാവമുള്ള കാഴ്ചകളുടെ ചിട്ടവട്ടങ്ങ ളിൽ ഒതുങ്ങാതെ ഈ ഗാനം എന്നും വേറിട്ട് നിൽക്കുന്ന ഒന്നുതന്നെയാണ്. കഥാപാത്ര ങ്ങളെയും കഥാതന്തുക്കളെയും എംടി കൂട്ടിക്കൊണ്ടു വരുന്നതുപോലെ തന്നെ യാണ് മനസിൽ തെളിയുന്ന ചിന്തകളെ അതുൾക്കൊള്ളുന്ന തീവ്രതയോടെ സൂക്ഷ്മ മായും സമഗ്രമായും ഗാനങ്ങളിലും ഉൾക്കൊള്ളിച്ചിരിക്കുന്നത്.

കഥകളിലൂടെ മാത്രം അറിഞ്ഞ എംടിയുടെ മറ്റൊരു ലോകം തുറന്നു കാണിക്കു കയായിരുന്നു ഈ ഗാനങ്ങൾ.

ഒരുപക്ഷെ എംടിയുടെ ഗാനം എന്ന് പറയുന്നതിനേക്കാൾ കവിത എന്നു പറയുന്നതാകും നല്ലത്.

• • •



ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA



# എം ടി യുടെ വിഷാദ നായകന്മാർ

അമിത് .കെ ( സി ഇ റ്റി ഫിലിം സൊസൈറ്റി )



**എം.** ടി എന്ന കാഥികന്റെ ഗ്രന്ഥപ്പുരയിൽ തളം കെട്ടി നിൽക്കുന്നത് നിസ്സഹായമായ വിഷാദമാണ്. കേവലം ഒരു കഥാപാത്രത്തിൽ മാത്രം ഊന്നിയല്ല എം. ടി യുടെ കഥാപാത്രങ്ങളുടെ ദുഃഖം വായനക്കാരിലെത്തുന്നത്. കഥാപാത്ര സഞ്ചാരത്തിനൊപ്പം അതിവി ശാലമായ ദൃശ്യവത്കരണത്തോടു കൂടിയ കഥാന്തരീ ക്ഷവും ഒരുപോലെ വിഷാദപൂർണ മാക്കുന്നുണ്ട്. ഇത് വലിയ രീതിയിൽ വായനക്കാരിൽ നായകന്റെ അല്ലെങ്കിൽ ആ കഥാപാത്രത്തിന്റെ മാനസികാവസ്ഥ പ്രതിധ്വനിപ്പിക്കുന്നുണ്ട്.

കുടുംബസംഘർഷങ്ങളുടെയോ തീവ്ര പ്രണയ-വിരഹ ഘടകങ്ങളുടെയോ പ്രതിഫലനമാണ് പല കഥാപാത്രങ്ങളുടെയും വിഷാദത്തിന്റെ അടിത്തറ. ഒപ്പം അതിതീവ്രമായ മനസിക സംഘർഷങ്ങളുടെ ഭാരം കാരണം തല കുനിയുന്ന നായകന്മാരെയും നമ്മൾ വായിച്ചിട്ടുണ്ട്.

എം. ടി തന്റെ സിനിമകളിലേക്കും സാഹിത്യത്തിലേക്കും തളം കെട്ടി നിൽക്കുന്ന വിഷാദ കഥാപാത്രങ്ങളെ തുറന്നുവിടുമ്പോൾ പകരം വെക്കാൻ കഴിയാത്ത അന്തരീക്ഷ നിർമിതി സൃഷ്ടിക്കുന്നു . തന്മൂലം കഥാപാത്രങ്ങൾക്ക് അവരുടെ മാനസിക വിചാരങ്ങളെ പ്രേക്ഷകരി ലേക്ക് എത്തിക്കുവാൻ ബുദ്ധിമുട്ടു ണ്ടാക്കുന്നില്ല. ഒരു പക്ഷെ തന്റെ നോവലുകളുടെ സിനിമാവിഷ്കാരങ്ങളിൽ മാത്രമാകും തികച്ചും സ്വാഭാവികമായി നഷ്ടപ്പെടുന്ന ചില ഏടുകൾ വായനക്കാരിൽ നിന്നും സിനിമ പ്രേക്ഷകരിൽ ദൃശ്യവത്കരണപരമായ ചെറിയ ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നത്. ഉദാഹരണത്തിനു ദസ്തേവ്സ്കിയുടെ നോവൽ നിർമാണം എടുക്കാം. ദസ്തോവ്സ്കിയൻ നോവൽ പശ്ചാ ത്തലങ്ങൾ നിറയെ വായനക്കാരുടെ

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA

മനസ്സിൽ രൂപം കൊള്ളുന്നത് ഇരുണ്ട അന്തരീക്ഷവും റഷ്യൻ തെരുവുകളുടെയും വീടുകളുടെയും ഇടുങ്ങിയ നിർമതികളുമാകാം. എന്നാൽ എം. ടി യിൽ എത്തുമ്പോൾ അന്തരീക്ഷ നിർമിതി ഒരു പക്ഷെ ചുട്ടു പൊള്ളുന്ന വെയിലിൽ പൊള്ളുന്ന മനസ്സുമായി നിൽക്കുന്ന കഥാപാത്രങ്ങളാവാം.

എം. ടി സിനിമകളിലെ നായകർ വ്യത്യസ്തരാണ്. കഥകളിലെ ഗ്രാമ പശ്ചാത്തലത്തിൽ നിന്നും മാറി നാഗരിക സ്വഭാവമുള്ള കഥാപാത്രങ്ങളെ കൂടു തൽ കാണാം . എം. ടി എഴുതി ഹരിഹരൻ സംവിധാനം ചെയ്ത അമൃതം ഗമയ എന്ന ചലച്ചിത്രം ഈയിടെ വീണ്ടും സമൂഹമാധ്യ മങ്ങളിൽ ചർച്ച ചെയ്യപ്പെട്ടിരുന്നു.

ഒരു പക്ഷെ കുറ്റം -കുറ്റബോധം- പശ്ചാത്താപം -പ്രായശ്ചിത്തം എന്ന ഒരു രീതിയിൽ മുന്നേറിയ ആദ്യ സിനിമയായിരിക്കണം അമൃതം ഗമയ. ഈ ഒരു പാറ്റേർണിലൂടെ ഒരു 'ക്യാരക്ടർ ആർക്ക്' സൃഷ്ടിക്കുകയാണ് എം. ടി.

ഡോ . പി കെ ഹരിദാസ് എന്ന എംബിബിസ് സ്റ്റുഡന്റിന്റെ സ്വഭാവം രൂപം. കുറ്റം ചെയ്ത, കുറ്റബോധത്തിന്റെ തടവറയിൽ ഒടുങ്ങി തീരാൻ തീരുമാനിക്കുന്ന, ഹരിദാസിന്റെ ആത്മസംഘർഷങ്ങൾ തീവ്രമാണ്. വൈശാലിയിലേക്ക് വരുമ്പോൾ ലോമപാദ നയാലും അവിടുത്തെ സാമൂഹിക അന്തരീക്ഷം കാരണം വിഷാദത്തിലാണ് . ഗീതയുമായുള്ള കൂടിച്ചേരലിൽ വീണ്ടും രണ്ടുപേർക്കുമിടയിലെ മാനസിക സങ്കർഷങ്ങളും കുറ്റബോധവും ഇരച്ചിറങ്ങുന്നു .

വടക്കൻ വീരഗാഥയിലേക്ക് വരുമ്പോൾ, തന്നെ ചതിയനായി മുദ്ര കുത്തിയ ചതിയുടെ കഥ. ചന്തു ചതിയനാണ്. "ഇരുമ്പാണിക്ക് പകരം മുളയാണി! പൊന്കാരം കൊണ്ട് വിളക്കിയാൽ ഒറ്റ നോട്ടത്തിൽ ചതി അറിയില്ല!". ചന്തു വിന്റെ ചതികളെ ബാക്കിയുള്ള കഥാപാത്രങ്ങളിൽ കൂടി ആണ് എം .ടി ആദ്യം പ്രേക്ഷകരിലേക്ക് എത്തിക്കു ന്നത്. പിന്നീട് യഥാർത്ഥ ചന്തുവിനെ കാണിക്കുന്നു. ചന്തുവും ഒരു വിഷാദ നായകനാണ്. ചുറ്റും ആളുകൾ താൻ ചെയ്തു എന്ന് പറയുന്ന ചതികൾ, സ്വയം അംഗീകരിച്ചു, ആരോടും തർക്കിക്കാതെ, കലഹിക്കാതെ ജീവിക്കുകയാണ് ചന്തു. വടക്കൻ പാട്ടുകളിലെ പല കഥകളും വടക്കൻ വീരഗാഥയ്ക്കു മുമ്പും പിമ്പും ചലച്ചിത്രങ്ങളായി ഇറങ്ങിയിട്ടുങ്കിലും അതിൽ നിന്നു വളരെ വ്യത്യസ്തമായ ഒരു കഥാപാത്ര പഠനമാണ് ഒരു വടക്കൻ വീരഗാഥ. ചന്തുവിന്റെ കഥ ഒരു വീരഗാഥയ്ക്കപ്പുറം പച്ചയായ ഒരു മനുഷ്യന്റെ കഥയാണ്.

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA

ചെയ്യാത്ത തെറ്റിന് സ്വയം ഏറ്റു ശിക്ഷ വാങ്ങേണ്ടി വരുന്ന ചന്തുവിന്റെ കഥകൂടിയാണ് ഒരു വടക്കൻ വീരഗാഥ.

ഉയരങ്ങളിൽ എന്ന സിനിമ വ്യത്യ സ്തവും രസകരവുമാണ്. ഒരു പ്രതിനായകന്റെ പെർസ്പെ ക്റ്റീവിലൂടെ സഞ്ചരിക്കുന്ന ഒരു ചലച്ചിത്രമാണ് ഉയരങ്ങളിൽ. "പശ്ചാ ത്താപമില്ല കണ്ണീരുമില്ല, കളി നന്നായി കളിച്ചു അവസാനം വരെ, പക്ഷെ തോറ്റു പോയ കളിയൊക്കെ എനിക്ക് ഇഷ്ടവും ആയി അതാണല്ലോ പ്രാധാ ന്യം". ഇതുപോലെയുള്ള ഡയലോഗ് വഴി എം. ടി ആ കഥാപാത്രത്തിന്റെ കോൾഡ്നെസ്സ് ലളിതമായി തുറന്നു കാണിച്ചു തരുന്നുണ്ട്.

ഊഷ്മളവും ലളിതവുമായ കഥാപാത്ര ങ്ങളെ സൃഷ്ടിക്കാൻ എം. ടി ക്ക് എല്ലാ യ്പ്പോഴും സാധിക്കാറുണ്ട്. അന ശ്വരമായ പ്രണയകാലം വാർദ്ധക്യ മാണെന്നും, ചേർത്തിരിപ്പ് എന്നത് പ്രണയത്തി ലാണെന്നും 'ഒരു ചെറുപു ഞ്ചിരി' ദൃഷ്ടാ ന്തമായി കാണിച്ചു തന്നു. തീർത്തും അക്കാലത്തെ പുരുഷ മേധാവിത്വം പൊളിച്ചെഴുതുന്ന സിനിമ കൂടിയായിരുന്നു അത്. മനുഷ്യാ യുസ്സിന്റെ മുക്കാൽ ഭാഗ വും ചിലവഴിച്ച് പിന്നീടങ്ങോട്ടും ജീവിത ത്തെ സഹാനുഭൂതിയോടെയും കൂടി വീക്ഷിക്ക ണമെന്ന് കാണിച്ച് തരുന്നു. ഇതുപോ ലെയുള്ള നിരവധി കഥാപാ ത്രങ്ങൾ എം. ടി ക്ക് മാത്രം അവകാ ശപ്പെടാനു ള്ളതാണ്. മലയാള സിനിമ യുടെ വികാസത്തി ന്റെയും മാറ്റങ്ങ ളുടെയും വഴികളിലൊക്കെ എം. ടി എന്ന എഴുത്തുകാരന്റെയും സംവി ധായകന്റെയും പാദമുദ്ര യുണ്ട്.

എം. ടി യുടെ ചില കഥാപാത്രങ്ങളെ കുറിച്ചുള്ള സ്വതന്ത്ര വിചാരങ്ങൾ മാത്രമാണിവിടെ സൂചിപ്പിച്ചിട്ടുള്ളത്. കെ പി കുമാരന്റെ എം .ടി യെ കുറിച്ചുള്ള ഡോക്യുമെന്ററിയിൽ എം .ടി ആദ്യമായി സിനിമയിലേക്ക് വന്ന സന്ദർഭം സൂചിപ്പിക്കുന്നുണ്ട് .1965 ലാണ് എം. ടി 'മുറപ്പെണ്ണി'ന് തിരക്കഥ തയ്യാറാക്കി മലയാളസിനിമാ രംഗത്തേ ക്ക് വരുന്നത്. അദ്ദേഹത്തി ന്റെ തന്നെ 'സ്നേഹത്തിന്റെ മുഖങ്ങൾ ' എന്ന കഥയായിരുന്നു ആ സിനിമയ്ക്ക് ആധാരമായത്. പ്രൊഡ്യൂ സറിന്റെ നിർ ബന്ധം കാരണം കൊണ്ട് മാത്രം ഒരു കൈ നോക്കാം എന്ന ആലോചനയിൽ നിന്നായിരുന്നു ആ ഒരു തുടക്കം.

എം. ടി യുടെ കഥകൾ വായനക്കാരോട് ദൃശ്യഭാഷയിൽ സംവദിക്കുന്നവയാണ് . അതിൽ പലതും സിനിമകൾ ആയി . എം. ടിയുടെ പുനരാഖ്യാനങ്ങൾ എല്ലാം അദ്ദേഹത്തോട് ചേർന്ന് നിൽക്കുന്ന തായിരുന്നു. രണ്ടാമൂഴമായാലും വടക്കൻ പാട്ടുകളുടെ പുനർവായനയായാലും കഥാപാത്രത്തിന്റെ മാനസിക വിഷാദ സഞ്ചാരങ്ങളിലേക്ക് കൂടുതൽ ആഴ ത്തിൽ നീങ്ങിയിരുന്നു .

• • •

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA



# എം .ടി സിനിമകളിലെ യാഥാർത്ഥ്യബോധവും കേരളീയതയും

സാബു ശങ്കർ ( ജനറൽ സെക്രട്ടറി , ഫിൽക്ക ഫിലിം സൊസൈറ്റി )



**കേരളീയ സിനിമയുടെ ചരിത്രത്തിലേക്ക് കണ്ണോടിച്ചാൽ എം . ടി . വാസുദേവൻ നായരുടെ പ്രത്യേകമായ സംഭാവന എന്താണ് ?**

മലയാള കഥാ - നോവൽ സാഹിത്യ ചരിത്രത്തിൽ നാല്പതുകളിലെ നവോത്ഥാന തരംഗത്തിന് ശേഷം അൻപതുകൾ എത്തുമ്പോൾ നാം കാണുന്നത്, വിശ്വസാഹിത്യത്തിലെ ബോധധാരാ രീതികൾ പ്രവഹിക്കുന്നതാണ് . അത് കേരളീയ തനത് യാഥാർഥ്യങ്ങളെ ഉയർത്തിയെടുത്തു . മനഃശാസ്ത്ര ഭാഷയിലൂടെ, ജീവരസ ബിംബങ്ങലൂടെ , ജീവിതത്തി ന്റെ അർഥങ്ങൾ അന്വേഷിച്ചു. സ്വാതന്ത്ര്യാനന്തര കേരളീയ അവസ്ഥയുടെ സങ്കീർണ്ണതകൾ ആവിഷ്കരിച്ചു . പരമ്പരാഗതമായി നിലനിന്ന നിരർത്ഥക ആചാരങ്ങളെയും വിശ്വാസങ്ങളെയും ചോദ്യം ചെയ്തു . വ്യക്തിസ്വാതന്ത്ര്യത്തിന് ഊന്നൽ നൽകി. ഫ്യൂഡൽ വ്യവസ്ഥിതിയ്ക്കും ആധുനികലോകത്തിനും ഇടയിൽ ഞെരുങ്ങിപ്പോയ തലമുറയുടെ വിഷാദ സ്വപ്നങ്ങളെ പകർത്തിവെച്ചു. പ്രണയത്തിന്റെ നൊമ്പരങ്ങൾ അക്ഷരങ്ങൾക്കുള്ളിൽ ഗദ്ഗദം കൊണ്ടു . അങ്ങനെ മലയാള സാഹിത്യം ശുഭകരമായി പരിണമിക്കുകയായിരുന്നു . അതിൽ ഏറ്റവും ശ്രദ്ധേയം എം .ടി . വാസുദേവൻ നായരുടെ തൂലികയിൽ നിന്നൊഴുകിയ ദൃഢവും ഊഷ്മളവുമായ സർഗാത്മ കതയാണ് .

**ഈ സാഹിത്യ സർഗധാര മലയാള സിനിമയിലേക്ക് പ്രവേശിച്ചപ്പോൾ പുതുതായി എന്ത് സംഭവിച്ചു ?**

നമുക്കറിയാം , ഭാഷയിലും നാടകത്തിലും സംഗീതത്തിലും ഒക്കെ ബാക്കിനിന്ന തമിഴിന്റെ സ്വാധീനം . സിനിമയിലും സ്വാഭാവികമായും തമിഴിന്റെ കടമെടുപ്പുണ്ടായി. അതൊരു ആശ്രിതത്വം കൂടിയായിരുന്നു. മലയാള സിനിമയുടെ സങ്കല്പങ്ങൾ അങ്ങനെ പഴഞ്ചൻ കാല്പനികതയിൽ തളംകെട്ടി

ഫിലിം വിഷൻ

filca FILM LOVERS CULTURAL ASSOCIATION

കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്

സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033

DIGITAL MAGAZINE
PUBLISHED BY FILCA

നിന്നു . അതേസമയം വിശ്വസിനിമയിൽ എന്തൊക്കെ മുന്നേറ്റമാണ് നടന്നതെന്ന് ആരും അന്വേഷിക്കാൻ പോയില്ല . അതിനു കാരണം സാംസ്കാരികമായ ഭൗതിക പരിസ്ഥിതി തന്നെ . മലയാള ജനതതി അപ്പോഴും സാംസ്കാരികമായി പ്രജകളോ അടിമകളോ ആയിരുന്നു. സാംസ്കാരിക വിദ്യാഭ്യാസവും വിജ്ഞാന ധാരകളും വായനയും കലയുടെ കാഴ്ചകളും അന്യവുമായിരുന്നു.

ഭൂമിശാസ്ത്രപരമായ ഈ സാംസ്കാരിക യാഥാർഥ്യത്തിൽ പുതുതായി ഒന്നും അവതരിപ്പിക്കാൻ നിർമ്മാതാക്കൾ ധൈര്യപ്പെട്ടില്ല. അത് പ്രേക്ഷക സ്വീകാ ര്യതയുടെ കാര്യത്തിലും സാമ്പത്തി കമായും ആത്മഹത്യാപരമായ ഉദ്യമം ആയിരിക്കുമെന്ന് ആശയങ്ങൾ ഉള്ളവരും സമ്മതിച്ചു . എങ്കിലും ലോകം മാറുന്നത് മനസ്സിലാക്കിയ ഏതാനും പേർ ചെറി യൊരു പരീക്ഷണത്തിന് തയ്യാറായി. പ്രമേയത്തിൽ മാറ്റം വന്നു .

ഉള്ളടക്കത്തിൽ യുക്തിയുടെ അംശം കടന്നുവന്നു . മെലോഡ്രാമയെ , കൃത്രിമ സന്ദർഭങ്ങളെ , അതിവൈകാരികതയെ , ഒഴിവാക്കാൻ ശ്രമിച്ചു . ജീവിതത്തിന്റെ സ്പന്ദനങ്ങളെ സ്വീകരിച്ചു . മലയാള സിനിമയെ കേരളീയ സംസ്കാരത്തിന്റെ ദർപ്പണ ബിംബങ്ങളാക്കുവാൻ ശ്രമിച്ചു . അങ്ങനെ കേരളീയതയെ ലോകത്തിനു മുന്നിൽ സ്ഥാപിച്ചെടുക്കാനുള്ള ചലച്ചിത്ര രീതിയെ സ്വാഗതം ചെയ്തു .




പി . ഭാസ്ക്കരൻ , പി . രാമദാസ് , രാമു കാര്യാട്ട് , എ .വിൻസെന്റ് , പി .എൻ . മേനോൻ തുടങ്ങിയവർ കേരളീയതയെ സിനിമയിൽ പകർത്തുവാൻ മുന്നിട്ടിറങ്ങി . പക്ഷെ അവർക്ക് സർഗ്ഗധനനായ , ദൃഢചിത്തനായ ഒരു സാഹിത്യകാരനെ വേണമായിരുന്നു .

അങ്ങനെ മുറപ്പെണ്ണ് എന്ന കൃതിക്ക് ചലച്ചിത്രഭാഷ്യം രചിച്ചുകൊണ്ട് എം . ടി . വാസുദേവൻ നായർ മലയാള സിനിമയിലെ സജീവ സാന്നിധ്യമായി ; കേരളീയ സംസ്കാരത്തിന്റെ ഭദ്രവും യുക്തവും ഒതുക്കവും ചിന്തനീയവും ആസ്വാദ്യകരവും ലളിതവുമായ ചാരുത ദൃശ്യത്തിൽ കൊണ്ടുവന്നു ; അദ്ദേഹം സംവേദന കൃത്യതയും കാലപ്രമാ ണവുമുള്ള ചലച്ചിത്രകാരനായി . എം . ടി

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA

യുടെ കഥാഗതി മാത്രമല്ല സംഭാഷണ ചാതുര്യവും ശ്രദ്ധേയമാണ് . ആസ്വാദന നിലവാരത്തിൽ പരിമിതി യുണ്ടെങ്കിലും ആ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് മലയാള സാഹിത്യ വായനക്കാർക്ക് എത്രമാത്രം സ്വീകാര്യ നായോ അത്രമാത്രം സിനിമാ പ്രേക്ഷ കർക്കും അദ്ദേഹം സ്വീകാര്യനായി. ഇങ്ങനെ സാഹിത്യ രംഗത്തും ചലച്ചിത്ര രംഗത്തും ഒരേസമയം സർഗാത്മക ധാരയെ ദൃഢമായി ചേർത്തുപിടിച്ച മറ്റൊരു വ്യക്തിത്വമില്ല .

മുറപ്പെണ്ണിന് ശേഷം തിരക്കഥ എഴുതിയ ഇരുട്ടിൻറെ ആത്മാവ് എന്ന സിനിമ പൊതുവെ എം . ടി . വാസുദേവൻ നായർ ചിത്രം എന്നാണ് അറിയപ്പെട്ടത് . എം . ടി .തിരക്കഥ രചിച്ച ഓളവും തീരവും സ്റ്റുഡിയോയ്ക്ക് പുറത്ത് , വാതിൽപ്പുറ ചിത്രീകരണത്തിന് തുടക്കം കുറിച്ച സിനിമയാണ് . ഈ സിനിമയുടെ പോസ്റ്ററിലാവട്ടെ “ ഒരു എം . ടി . വാസുദേവൻ നായർ ചിത്രം “ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത് . ഇതിനർത്ഥം എഴുപതുകളുടെ തുടക്കത്തിൽ തന്നെ എം ടി., മലയാള സിനിമയിൽ യാഥാർഥ്യ ബോധത്തിന്റെ യും കേരളീയതയുടെയും ഉത്തമമായ സാന്നിധ്യമായി ശ്രദ്ധിക്കപ്പെട്ടു എന്നതാ ണ് .

എം .ടി . സിനിമയിൽ കഥാപാത്ര മാവാൻ പുതുമുഖങ്ങളും നായക സ്ഥാനീയരും ഏറെ ആഗ്രഹിച്ചിരുന്നു .




അതുപോലെതന്നെ നിരവധി സംവി ധായകരും അദ്ദേഹത്തിന്റെ രചനയെ ആഗ്രഹിച്ചു . മലയാള സിനിമാ വ്യവസായത്തിലെ ഏറ്റവും മൂല്യമുള്ള തിരക്കഥാകൃത്താണ് എം . ടി വാസുദേ വൻ നായർ .

സൃഷ്ടി കർമ്മത്തിലെ ഏകാഗ്രതയുടെ അന്തരീക്ഷം ചില ചിത്രങ്ങളിൽ പരന്നും മൂന്നു ചിത്രങ്ങളിൽ കേന്ദ്രീകരിച്ചും സ്ഥിതിചെയ്യുന്നു . നിർമ്മാല്യം ,

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA

ബന്ധനം , വാരിക്കുഴി , മഞ്ഞ് , ഒരു ചെറുപുഞ്ചിരി , കടവ് തുടങ്ങിയ ചിത്ര ങ്ങൾക്കാണ് എം . ടി .രചനയോടൊപ്പം സംവിധാനവും നിർവഹിച്ചിട്ടുള്ളത് . ഇതിൽ ഒരു ചെറുപുഞ്ചിരി , കടവ് എന്നീ വർണ്ണ ചിത്രങ്ങൾ ദൃശ്യകലാപരമായി വ്യത്യ സ്ത അനുഭവങ്ങളാണ്.

എം. ടി. ആദ്യമായി സംവിധാനം ചെയ്ത നിർമ്മാല്യം മലയാള സിനിമയിലെ വിരലിലെണ്ണാവുന്ന ക്ളാസ്സിക് സിനിമ കളിലൊന്നാണ്. ദേശീയ - സംസ്ഥാന പുരസ്കാരങ്ങൾ നേടിയ ഈ ചിത്ര ത്തിന്റെ പ്രമേയത്തിൽ ക്ഷേത്രാചാ രവും മിത്തും പരമ്പരാഗത വിശ്വാസവും ജനജീവിത ശൈലിയും ഒക്കെ കാണാ മെങ്കിലും അതിനപ്പുറം എഴുതാപ്പു റങ്ങളുണ്ട് , ഗ്രഹിച്ചെടുക്കാവുന്ന ചില സത്യാവസ്ഥകളുണ്ട് . സ്വാതന്ത്ര്യാനന്തര സമൂഹത്തിലെ കേരളീയ യുവതലമുറ യുടെ ഭാവിയെ കുറിച്ചുള്ള ആശങ്കകൾ , ഫ്യൂഡലിസത്തിൻറെ അവശേഷിപ്പുകൾ , പുരോഗമന രാഷ്ട്രീയം പ്രാബല്യത്തി ലാക്കിയ ഭൂപരിഷ്ക്കരണ നിയമത്തെ തുടർന്നുള്ള ദാരിദ്ര്യം , ഉടമകളും തൊഴിലാളികളും നേരിടുന്ന അനശ്ചിത ത്വം , ഉൽപ്പാദന മേഖലയുടെ തകർച്ച , കുടുംബ ശൈഥില്യം , പ്രണയ നൈരാ ശ്യങ്ങൾ , തൊഴിൽ തേടിയുള്ള പലായനം , പഴഞ്ചൻ ആചാരങ്ങളോ ടുള്ള പ്രതിഷേധം ,ഗതകാല സമൃദ്ധിയെ




കുറിച്ചുള്ള ഓർമ്മകൾ , ആഭിജാത്യവും അന്തസ്സും കടബാധ്യതയ്ക്ക് മുന്നിൽ പണയം വെയ്ക്കേണ്ടിവരുന്ന സ്ത്രീത്വം , ജീവിതത്തിൽ ദുരന്തം നൽകുന്ന ദൈവ സങ്കല്പത്തോടുള്ള ക്രോധം തുടങ്ങിയവ നിർമ്മാല്യത്തിലെ കഥാപാത്രങ്ങളിലും സന്ദർഭങ്ങളിലും വ്യംഗ്യമായി നിരന്തരം ഓർമ്മിപ്പിക്കുന്നു . ഹ്രസ്വമായി പറഞ്ഞാൽ ചരിത്രപരമായി പഠനാർഹമായ വിഷയമാണ് , എം . ടി . സിനിമകളിലെ യാഥാർഥ്യബോധവും കേരളീയതയും .

• • •


കാർഷികാഭിവൃദ്ധിയും ഗ്രാമങ്ങളുടെ സമഗ്ര വികസനവും ലക്ഷ്യമാക്കി
അതിവേഗ വായ്പ സേവനങ്ങളുമായി മുന്നോട്ട്
കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കും,
പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കും കൂടി ചേർന്ന്
"നവകേരളീയം കുടിശ്ശിക നിവാരണ പദ്ധതി"
(ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി)
ആകർഷണീയമായ വ്യവസ്ഥയിൽ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു.
"ഗുഡ്പേ മാസ്റ്റർ" പദ്ധതി
കൃത്യമായ വായ്പ തിരിച്ചടവിന് പലിശ ഇളവ്....
ആവശ്യമേതുമാകട്ടെ
കൃഷി • വ്യവസായം • ഭവനം • വ്യാപാരം • വാഹനം
സ്വർണ്ണപ്പണയം • ഫാം ടൂറിസം • വസ്തു വാങ്ങൽ
പ്രതിമാസ സമ്പാദ്യ പദ്ധതി • സ്ഥിര നിക്ഷേപ പദ്ധതി
• വിദ്യാഭ്യാസം • കിസാൻ സമൃദ്ധി
➤ മിതവും സുതാര്യവുമായ പലിശനിരക്ക് ➤ സ്വീകാര്യമായ വ്യവസ്ഥകൾ ➤ നിക്ഷേപങ്ങൾക്ക് ആകർഷമായ പലിശനിരക്ക്
വായ്പകൾ താലൂക്കടിസ്ഥാനത്തിലുള്ള 77 പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകൾ വഴി
കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് ക്ലിപ്തം.
തിരുവനന്തപുരം, ഫോൺ: 0471-2460595
Web: www.keralalandbank.org E-mail: ho.cardbank@gmail.com
Administrator: Jothy Prasad.R
Managing Director: Parvathy Nair.K.L


MS COMPUTER SOLUTION
TRIVANDRUM VELLAYANI
PIN:695522
8281400883,7025031297
subashms1991@gmail.com
*Desktop & Laptop service
*LED,LCD Monitor service
*All software installing
*virus removal & data backup
*Networking & security.
*New & Used
computer, Laptop sales
*All computer laptop Accessories
on sit service
ATI
DELL
IBM
intel
NEC
SONY
acer
AMD
ASUS
ATI
TOSHIBA
VAIO
FUJITSU



www.kswdc.org
181
MITHRA
സാഹചര്യം ഏതുമാവട്ടെ
ഞങ്ങൾ ഉണ്ട് കൂടെ
വിളിക്കൂ...
181
ടോൾഫ്രീ നമ്പർ
സ്ത്രീ
സുരക്ഷ
ശാക്തീകരണം
24 മണിക്കൂറും സ്ത്രീകൾക്കായി പ്രവർത്തിക്കുന്ന ഹെൽപ്പ് ലൈൻ
കേരള സംസ്ഥാന വനിത
വികസന കോർപ്പറേഷൻ
(വനിതാശിശു വികസന വകുപ്പ്, കേരള സർക്കാർ)
she transcends
MWCD
Govt of India
വനിതാശിശു
വികസന വകുപ്പ്
കേരള സർക്കാർ


കേരള സർക്കാർ
കേരള
സംസ്ഥാന ഭാഗ്യക്കുറി വകുപ്പ്
സൗഭാഗ്യം
ഇപ്പോൾ
എല്ലാ ദിവസവും
ഞായർ
അക്ഷയ
ഒന്നാം സമ്മാനം
₹70 ലക്ഷം
ചൊവ്വ
സ്ത്രീശക്തി
ഒന്നാം സമ്മാനം
₹75 ലക്ഷം
ബുധൻ
ഫിഫ്റ്റി-ഫിഫ്റ്റി
ഒന്നാം സമ്മാനം
₹1 കോടി
ടിക്കറ്റ് വില ₹50
വ്യാഴം
കാരുണ്യപ്ലസ്
ഒന്നാം സമ്മാനം
₹80 ലക്ഷം
തിങ്കൾ
വിൻവിൻ
ഒന്നാം സമ്മാനം
₹75 ലക്ഷം
ശനി
കാരുണ്യ
ഒന്നാം സമ്മാനം
₹80 ലക്ഷം
വെള്ളി
നിർമൽ
ഒന്നാം സമ്മാനം
₹70 ലക്ഷം
ടിക്കറ്റ് വില
₹40
മാത്രം
കേരള സംസ്ഥാന ഭാഗ്യക്കുറി
വിശ്വസ്തം...സുതാര്യം...ജനകീയം


FILM VISION Monthly AUGUST 2023 Rs.2/- RNI-KER BIL/2002/8043

| Memberhip | | Payment to : |
|---|---|---|
| Annual | : 300/- | Name : FILCA |
| Students | : 150/- | A/C 5700 118 1947<br>State Bank of India |
| Life-time | : 2000/- | Branch : Poojappura<br>IFSC - SBIN 0070032 |

*Please whatsApp payment image to 8089036090*

Reg.No.T-1665/1999
www.filca.in
Email : filcakerala@gmail.com
Ph.808906090

ഫിൽക ഫിലിം സൊസൈറ്റിയുടെ ധനശേഖരണാർത്ഥം പ്രസിദ്ധീകരിക്കുന്നത്......
മലയാളത്തിൽ ഏറ്റവും കൂടുതൽ പതിപ്പുകളുള്ള ചലച്ചിത്ര ഗ്രന്ഥം 13-ാം പതിപ്പ്
മുഖവില 250/- അംഗങ്ങൾക്ക് 200/-
ഓൺലൈനിൽ ലഭിക്കുവാൻ www.peerbey.com




Chief Editor - Dr. B. Radhakrishnan.
Associate Editors - Jyothishkumar, Girija Surendran.
Web & Graphic Design - PeerBey Software, Thrissur.
Circulation - Vinodkumar P.
PRO - Meril P.
Editor and Publisher - Sabu Sankar , General Secretary, FILCA, PB 2224 Trivandrum -10. Kerala.